കേരള സർക്കാർ

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി
സോഷ്യൽ ഓഡിറ്റ് യൂണിറ്റ്, കേരളം










# വാർഷിക ഭരണറിപ്പോർട്ട്
# 2022–2023


SOCIAL AUDIT UNIT KERALA
TWO DAYS STATE LEVEL WORKSHOP
Strategizing Quality Enhancement
of
Social Audit
at KILA Trissur










STATE LEVEL ORIENTATION WORKSHOP
SOCIAL AUDIT OF SCHEMES
DoSJE

# മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

കേരള സർക്കാർ

## സോഷ്യൽ ഓഡിറ്റ് യൂണിറ്റ്, കേരളം

---

# വാർഷിക ഭരണ റിപ്പോർട്ട് 2022–23

---

**മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി**

**സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരളം**

രണ്ടാം നില, സി.ഡബ്ല്യൂ.സി. ബിൽഡിംഗ്സ്, എൽ.എം.എസ്. കോമ്പൗണ്ട്, പാളയം

വികാസ് ഭവൻ പി.ഒ., തിരുവനന്തപുരം– 695033. ഫോൺ– 0471–2724696

**ഇ–മെയിൽ :** keralasocialaudit@gmail.com | www.socialaudit.kerala.gov.in

# മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി
# സോഷ്യൽ ഓഡിറ്റ് യൂണിറ്റ്, കേരളം
# വാർഷിക ഭരണ റിപ്പോർട്ട് 2022–23

## 1. ആമുഖം

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഏറ്റവും പുരോഗമനപരവും ശ്രദ്ധേയവുമായ സംഗതികളിലൊന്ന് സോഷ്യൽ ഓഡിറ്റിനുള്ള വ്യവസ്ഥ നിയമത്തിൽ ഉൾപ്പെടുത്തി എന്നതാണ്. ജനകീയ പങ്കാളിത്തത്തോടെ സുതാര്യമായും അഴിമതി വിമുക്തമായും പദ്ധതി നടപ്പാക്കുന്നു എന്നുറപ്പാക്കുന്നതിനുള്ള ഉപാധിയായിട്ടാണ് സോഷ്യൽ ഓഡിറ്റിനെ തൊഴിലുറപ്പ് നിയമം വിഭാവനം ചെയ്യുന്നത്. പദ്ധതി നിർവ്വഹണം കൂടുതൽ ഫലപ്രദവും കാര്യക്ഷമവുമാക്കുന്നതിനും പദ്ധതി ലക്ഷ്യങ്ങൾ പൂർണ്ണമായും അതിന്റെ ഗുണഭോക്താക്കളായ ജനങ്ങൾക്ക് ലഭിക്കുന്നു എന്നുറപ്പാക്കുന്നതിനും ജനകീയ പങ്കാളിത്തത്തോടെയുള്ള സോഷ്യൽ ഓഡിറ്റിലൂടെ കഴിയും. ഭരണനിർവ്വഹണത്തിലും വികസനത്തിലും സുതാര്യത കൈവരിക്കുന്നതിനും ജനങ്ങളോട് ഉത്തവാദിത്തപ്പെട്ട് ഭരണനിർവ്വഹണം നടത്തുന്നതിനും ഭരണസുതാര്യത ഉറപ്പാക്കുന്നതിലൂടെ അഴിമതി ഇല്ലാതാക്കുന്നതിനും സോഷ്യൽ ഓഡിറ്റിന് വലിയ തോതിൽ സംഭാവന ചെയ്യുന്നതിനു കഴിയും. ഇത്തരമൊരു കാഴ്ചപ്പാടോടെയാണ് തൊഴിലുറപ്പ് നിയമത്തിന്റെ 17-ാം വകുപ്പിൽ സോഷ്യൽ ഓഡിറ്റ് ഉൾപ്പെടുത്തിയതും സോഷ്യൽ ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട സ്ഥാപനമായി ഗ്രാമസഭകളെ നിയമത്തിൽ വ്യവസ്ഥ ചെയ്തതും. ഇതിലൂടെ സോഷ്യൽ ഓഡിറ്റിന് നിയമപരമായ പരിരക്ഷ ലഭിച്ച ആദ്യത്തെ നിയമമായി മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നിയമം 2005 വികസന ചരിത്രത്തിൽ ഇടം നേടുകയും ചെയ്തു.

## 2. സോഷ്യൽ ഓഡിറ്റ് ചട്ടങ്ങൾ - 2011

സോഷ്യൽ ഓഡിറ്റ് പ്രവർത്തനത്തിനാവശ്യമായ വിശദമായ ചട്ടങ്ങൾ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യ 2011ൽ തയ്യാറാക്കുകയുണ്ടായി. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങൾ മുൻനിർത്തിയാണ് സോഷ്യൽ ഓഡിറ്റ് ചട്ടങ്ങൾക്ക് സി.എ.ജി. രൂപം നൽകിയത് എങ്കിലും എല്ലാ കേന്ദ്രാവിഷ്കൃത പദ്ധതികളുടെയും സോഷ്യൽ ഓഡിറ്റിന് പ്രസ്തുത ചട്ടങ്ങൾ ബാധകമാണ്. മാത്രവുമല്ല സംസ്ഥാനാവിഷ്കൃത പദ്ധതികളുടെ സോഷ്യൽ ഓഡിറ്റിനും പ്രയോജനപ്പെടുത്താൻ കഴിയുന്ന അടിസ്ഥാന തത്വങ്ങൾ മുൻനിർത്തിയാണ് എം.ജി.എൻ.ആർ.ഇ.ജി ഓഡിറ്റ് ഓഫ് സ്കീം റൂൾസ് 2011ന് കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യ രൂപം നൽകിയിട്ടുള്ളത്. സോഷ്യൽ ഓഡിറ്റ് നടത്തുന്നതിനാവശ്യമായ സംവിധാനം, സോഷ്യൽ ഓഡിറ്റ് പ്രോട്ടോകോൾ, സോഷ്യൽ ഓഡിറ്റ് സംവിധാനവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവരുടെ പെരുമാറ്റച്ചട്ടങ്ങൾ, പാലിക്കേണ്ട മൂല്യബോധം, പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവർ സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങൾക്ക് ലഭ്യമാക്കേണ്ട സഹായങ്ങൾ, സോഷ്യൽ ഓഡിറ്റ് ടീം പാലിക്കേണ്ട ഉത്തരവാദിത്തങ്ങളും ചുമതലകളും എന്തെല്ലാം എന്നതു സംബന്ധിച്ച് വിശദമായി ഓഡിറ്റ് ഓഫ് സ്കീം റൂൾസ് 2011 വ്യക്തമാക്കുന്നുണ്ട്.

## 3. സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിന് സോഷ്യൽ ഓഡിറ്റ് യൂണിറ്റുകൾ

കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യ രൂപം നൽകി അംഗീകരിച്ച ഓഡിറ്റ് ഓഫ് സ്കീം റൂൾസ് അനുസരിച്ച് സംസ്ഥാന ഗവണ്മെന്റിന്റെ പിന്തുണയും സഹായങ്ങളും സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങൾക്ക് ഉറപ്പാക്കണം. ഇതിൽ ഏറ്റവും പ്രധാനപ്പെട്ട ഉത്തരവാദിത്തമാണ് സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങൾക്ക്

നേതൃത്വം നൽകുന്നതിനായി സ്വതന്ത്രമായി പ്രവർത്തിക്കാൻ കഴിയുന്ന "സോഷ്യൽ ഓഡിറ്റ് യൂണിറ്റ്" രൂപീകരിക്കുക എന്നത്. അതോടൊപ്പം തന്നെ സോഷ്യൽ ഓഡിറ്റ് യൂണിറ്റിന്റെ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനായി പ്രതിബദ്ധതയോടെ പ്രവർത്തിക്കാൻ കഴിയുന്നവരെ കണ്ടെത്തി നിയമിക്കുക എന്നതും തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി ഗ്രാമപഞ്ചായത്തുകൾ നടപ്പാക്കുന്ന എല്ലാ പ്രവൃത്തികളും ആറു മാസത്തിലൊരിക്കൽ സോഷ്യൽ ഓഡിറ്റ് ചട്ടങ്ങൾക്കനുസരിച്ച് ഓഡിറ്റ് നടത്തുന്നു എന്നുറപ്പാക്കേണ്ടതും സംസ്ഥാന ഗവൺമെന്റിന്റെ ഉത്തരവാദിത്തമാണ്. സോഷ്യൽ ഓഡിറ്റ് യൂണിറ്റിന്റെ ചുമതലയിലാണ് സംസ്ഥാന ഗവൺമെന്റിൽ നിക്ഷിപ്തമായ ഇത്തരമൊരു ഉത്തരവാദിത്വം നിർവ്വഹിക്കപ്പെടേണ്ടത്. സ്വതന്ത്രവും നിക്ഷ്പക്ഷവും നീതിപൂർവ്വമായി സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ, ഗ്രാമസഭകളുടെ സംഘാടനവും നടത്തിപ്പും ഉൾപ്പെടെ നടപ്പാക്കുന്നതിൽ സഹായിക്കേണ്ടത് സോഷ്യൽ ഓഡിറ്റ് യൂണിറ്റിന്റെ ഭാഗമായി ജില്ലാ-ബ്ലോക്ക് ഗ്രാമപഞ്ചായത്ത് തലത്തിൽ പ്രവർത്തിക്കുന്ന റിസോഴ്സ് പേഴ്സൺമാരാണ്.

സോഷ്യൽ ഓഡിറ്റ് റിസോഴ്സ് പേഴ്സൺമാരുടെ നേതൃത്വത്തിൽ പദ്ധതിയുമായി ബന്ധപ്പെട്ട വിവിധ വിഭാഗം ജനങ്ങളുടെ പങ്കാളിത്തത്തോടെ സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പിലാക്കുക എന്നതാണ് സോഷ്യൽ ഓഡിറ്റ് യൂണിറ്റിന്റെ ഉത്തരവാദിത്വം. വിവിധ സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങളായ പദ്ധതിയുമായി ബന്ധപ്പെട്ട ധനവിനിയോഗം സംബന്ധിച്ച രേഖകളുടെയും ഫയലുകളുടെയും വിലയിരുത്തൽ, സാധനസാമഗ്രികളുടെ വാങ്ങൽ സംബന്ധിച്ച രേഖകൾ, തൊഴിലാളികളുടെ കൂലി വിതരണം ചെയ്യുതുമായി ബന്ധപ്പെട്ട രേഖകൾ എന്നിവ പരിശോധിച്ച് വിലയിരുത്തുകയും ഇക്കാര്യങ്ങൾ ഗ്രാമസഭയുടെ മുമ്പാകെ അവതരിപ്പിക്കുകയും ജനങ്ങളുടെ വിലയിരുത്തലിന് വിധേയമാക്കുകയും ചെയ്യുക എന്നത് റിസോഴ്സ് പേഴ്സൺമാരുടെ ഉത്തരവാദിത്തമാണ്. പദ്ധതി വിലയിരുത്തുന്നതിനായി പദ്ധതി പ്രദേശം നേരിട്ട് സന്ദർശിക്കുക, അളവുകളുടെ കൃത്യത പരിശോധിച്ച് രേഖപ്പെടുത്തുക, തൊഴിലാളികളെ സന്ദർശിച്ച് വിവരങ്ങൾ ശേഖരിക്കുക, പദ്ധതിയുടെ സാമൂഹ്യ-സാമ്പത്തിക നേട്ടങ്ങൾ വിലയിരുത്തുക എന്നിവയെല്ലാം റിസോഴ്സ് പേഴ്സൺമാരുടെ ചുമതലകളും ഉത്തരവാദിത്തങ്ങളുമാണ്. ഇത്തരത്തിൽ നടത്തുന്ന സമഗ്രമായ പദ്ധതി വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടിന്റെ കരട്, ഗ്രാമസഭകളിൽ അവതരിപ്പിക്കുകയും ജനങ്ങളുടെ വിശദമായ ചർച്ചയ്ക്ക് വിധേയമാക്കി അന്തിമമാക്കുകയും വേണം. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് കണ്ടെത്തുന്ന പോരായ്മകളും വീഴ്ചകളും പരിഹരിക്കുന്നതിനാവശ്യമായ തുടർ നടപടികൾ നിർവ്വഹണ ചുമതലയുള്ളവരുടെ ഭാഗത്തു നിന്നും സ്വീകരിക്കേണ്ടതുണ്ട്. ഇക്കാര്യങ്ങൾ അടുത്ത ഗ്രാമസഭായോഗത്തിൽ റിപ്പോർട്ടു ചെയ്യുകയും വേണം. ചുരുക്കത്തിൽ, സോഷ്യൽ ഓഡിറ്റ് ഗ്രാമസഭകളാണ് പദ്ധതി നിർവ്വഹണം സംബന്ധിച്ച വിലയിരുത്തൽ നടത്തേണ്ടതും സുതാര്യമായും ഉത്തരവാദിത്തത്തോടെയും പദ്ധതി നിർവ്വഹണം നടത്തുന്നു എന്നുറപ്പാക്കേണ്ടതും, തൊഴിലാളികൾക്ക് നിയമപരമായി ഉറപ്പു നൽകിയിട്ടുള്ള അവകാശങ്ങൾ സംരക്ഷിക്കപ്പെടുന്നുണ്ട് എന്നും പദ്ധതിയുമായി ബന്ധപ്പെട്ട ധനവിനിയോഗം കാര്യക്ഷമമായി നടപ്പാക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതും സോഷ്യൽ ഓഡിറ്റ് ടീമിന്റെ ചുമതലകളാണ്. ഇതിനായി ഗ്രാമസഭകളെ ശക്തിപ്പെടുത്തുന്നതിനുള്ള ഉത്തരവാദിത്തമാണ് സംസ്ഥാന ഗവൺമെന്റിനും സോഷ്യൽ ഓഡിറ്റ് യൂണിറ്റിനും നിർവ്വഹിക്കുവാനുള്ളത്.

## 4. സോഷ്യൽ ഓഡിറ്റ് യൂണിറ്റ് രൂപീകരണം

സംസ്ഥാനത്ത് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സോഷ്യൽ ഓഡിറ്റ് നടപ്പാക്കുന്നതിനും ഇതിനായി ചുമതലപ്പെട്ട സോഷ്യൽ ഓഡിറ്റ് യൂണിറ്റിന് നേതൃത്വം നൽകുന്നതിനും സംസ്ഥാന ഗവൺമെന്റിന്റെ പിന്തുണയും സഹായവും ഉറപ്പാക്കുന്നതിനുമായി സോഷ്യൽ ഓഡിറ്റ് സൊസൈറ്റി രൂപീകരിക്കുന്നതിന് സംസ്ഥാന ഗവൺമെന്റ് 2015ൽ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി (G.O. (Rt.) No. 3906/2015/ LSGD Dated, Thiruvananthapuram, 30.12.2015). പ്രസ്തുത ഉത്തരവിൽ ഇത്തരത്തിൽ രൂപീകൃതമാവുന്ന സോഷ്യൽ ഓഡിറ്റ് സൊസൈറ്റി ട്രാവൻകൂർ കൊച്ചിൻ ചാരിറ്റബിൾ സൊസൈറ്റി ആക്ട് 1955 പ്രകാരം രജിസ്റ്റർ ചെയ്യുന്നതിനും

തീരുമാനിക്കുകയുണ്ടായി. സോഷ്യൽ ഓഡിറ്റ് സൊസൈറ്റിയുടെയും സോഷ്യൽ ഓഡിറ്റ് യൂണിറ്റിന്റെയും പ്രവർത്തനത്തിനാവശ്യമായ മാർഗ്ഗരേഖയും പ്രസ്തുത ഉത്തരവിലൂടെ സർക്കാർ വ്യക്തമാക്കുകയുണ്ടായി. തുടർന്ന് സോഷ്യൽ ഓഡിറ്റ് സൊസൈറ്റിയുടെ ബൈലോ തയ്യാറാക്കി സർക്കാർ അനുമതിയോടെ 1955ലെ തിരുവിതാംകൂർ-കൊച്ചി സാഹിത്യ-ശാസ്ത്രീയ ധർമ്മ സംഘങ്ങൾ നിയമപ്രകാരം കേരള സോഷ്യൽ ഓഡിറ്റ് സൊസൈറ്റി (Mahatma Gandhi NREGA Social Audit Society Kerala) നമ്പർ TVM/TC/123/20/7 പ്രകാരം 2017 ജനുവരി 31ൽ രജിസ്റ്റർ ചെയ്യുകയുണ്ടായി. 08.09.2016-ാം തീയതി G.O. (Rt.) No. 2648/2016/LSGD പ്രകാരം സോഷ്യൽ ഓഡിറ്റ് സൊസൈറ്റിയുടെ ആദ്യ ഗവേണിംഗ് ബോഡിയെ നിയമിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും മഹാത്മാ ഗാന്ധി നാഷണൽ എംപ്ലോയ്മെന്റ് ഗ്യാരന്റി സ്കീം സോഷ്യൽ ഓഡിറ്റ് സൊസൈറ്റി (എം.ജി.എൻ.എസ്.എ.എസ്.കെ.) നിലവിൽ വരികയും പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിനുള്ള ജില്ലാ-ബ്ലോക്ക്-വില്ലേജ് റിസോഴ്സ് പേഴ്സൺമാരുടെ തെരഞ്ഞെടുപ്പും നിയമനവും സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് യഥാസമയം കഴിഞ്ഞില്ല. ഇതിന്റെ ഫലമായി 2019-20 സാമ്പത്തിക വർഷത്തിൽ മാത്രമാണ് കേരളത്തിൽ സോഷ്യൽ ഓഡിറ്റ് പ്രവർത്തനം നടപ്പാക്കുന്നതിന് കഴിഞ്ഞത്. 405 ഗ്രാമ പഞ്ചായത്തുകളിലായി 2831 വാർഡുകളിലെ സോഷ്യൽ ഓഡിറ്റ് ഗ്രാമസഭകളാണ് ഈ കാലയളവിൽ പൂർത്തിയാക്കുന്നതിന് കഴിഞ്ഞത്. തുടർന്ന് കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ റഗുലർ സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങൾ തുടരുന്നതിന് 2020-21 വർഷത്തിലും 2021-22 വർഷത്തിന്റെ ആദ്യപകുതിയിലും നമുക്ക് കഴിഞ്ഞില്ല.

## 5. കേരള സോഷ്യൽ ഓഡിറ്റ് സൊസൈറ്റി ഭരണസമിതി പുനഃസംഘടന - 2022

സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരളയുടെ 21.03.2022ൽ ചേർന്ന ഗവേണിംഗ് ബോഡി അംഗീകരിച്ച ബൈലോ തിരുവനന്തപുരം രജിസ്ട്രാറുടെ ഓഫീസിൽ രജിസ്റ്റർ ചെയ്യപ്പെട്ടു. പുതുക്കിയ ബൈലോ പ്രകാരം 26 അംഗങ്ങൾ ഉള്ള ജനറൽ ബോഡിയും 11 അംഗങ്ങൾ ഉള്ള ഗവേണിംഗ് ബോഡിയും 7 അംഗങ്ങളുള്ള എക്സിക്യൂട്ടീവ് കമ്മിറ്റിയും നിലവിൽ വന്നു (പകർപ്പ് അനുബന്ധം-എ ആയി ചേർത്തിട്ടുണ്ട്).

പുതുക്കിയ ബൈലോ പ്രകാരം ജനറൽ ബോഡി, ഗവേണിംഗ് ബോഡി. എക്സിക്യൂട്ടീവ് കമ്മിറ്റി എന്നിവ പുനഃസംഘടിപ്പിക്കുന്നതിനായി 21.03.2022 ന് G.O.(Rt) No. 696/2022/LSGD ജനറൽ ബോഡിയും, ഗവേണിംഗ് ബോഡിയും എക്സിക്യൂട്ടീവ് കമ്മിറ്റിയും പുനഃസംഘടിപ്പിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ഉത്തരവ് പ്രകാരം 26 അംഗ ജനറൽബോഡിയും, 10 അംഗ ഗവേണിംഗ് ബോഡിയും, 6 അംഗ എക്സിക്യൂട്ടീവ് കമ്മിറ്റിയും രൂപീകരിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. എന്നാൽ 21.04.2022ലെ G.O(Rt) No. 1000/2022/LSGD പ്രകാരം 21.03.2022ലെ ഉത്തരവ് ഭേദഗതി ചെയ്യപ്പെട്ടു. അതിൻ പ്രകാരം ശ്രീ. പ്രണബ് ജ്യോതിനാഥ് ഐ.എ.എസ്. സെക്രട്ടറി, ജലവിഭവ വകുപ്പിനെ ചെയർമാൻ ആയും ശ്രീ. എസ്. രാജേന്ദ്രൻ, പൗർണ്ണമി, കൃഷ്ണനഗർ. ഉള്ളൂർ, പട്ടം (പി.ഒ), തിരുവനന്തപുരത്തിനെ ഗവേണിംഗ് ബോഡിയിലെ 4-ാം അനൗദ്യോഗിക അംഗമായും ജനറൽ ബോഡി അംഗമായ ശ്രീ. എസ്. ദിനകരന്റെ മേൽവിലാസം പുതുക്കിയും എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ ഉൾപ്പെടുത്തിയിരുന്ന 2 അനൗദ്യോഗിക അംഗങ്ങളുടെ നോമിനേഷൻ പിൻവലിച്ചുകൊണ്ടും ഭേദഗതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് (സർക്കാർ ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധം-ബി ആയി ചേർത്തിട്ടുണ്ട്).

## 6. സോഷ്യൽ ഓഡിറ്റ് സൊസൈറ്റിയുടെ ഭരണസംവിധാനം

സോഷ്യൽ ഓഡിറ്റ് സൊസൈറ്റിയുടെ ഭരണസംവിധാനം താഴെപ്പറയും പ്രകാരമാണ്.



## 6.1 ജനറൽ ബോഡി

സോഷ്യൽ ഓഡിറ്റ് സൊസൈറ്റിയുടെ പ്രവർത്തനങ്ങൾക്ക് പൊതുവായതും നയപരമായതുമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നത് ജനറൽ ബോഡിയാണ്. കൂടാതെ താഴെപ്പറയുന്ന ചുമതലകളും ഉത്തരവാദിത്തങ്ങളും ജനറൽ ബോഡിയിൽ നിക്ഷിപ്തമാണ്.

(I) സൊസൈറ്റിയുടെ ഓരോ വർഷത്തെയും വാർഷിക വരവ്-ചെലവ് കണക്കുകളും ബാലൻസ് ഷീറ്റും അംഗീകരിക്കുക.

(II) സൊസൈറ്റിയുടെ പ്രവർത്തനം സംബന്ധിച്ച വാർഷിക ഭരണ റിപ്പോർട്ട് അംഗീകരിക്കുക.

(III) സൊസൈറ്റിയുടെ ബൈലോയിൽ ആവശ്യമായ ഭേദഗതികൾ വരുത്തുകയും അവ സർക്കാരിന്റെ അംഗീകാരത്തോടെ പ്രാബല്യത്തിൽ വരുത്തുകയും ചെയ്യുക.

(IV) ഗവേണിംഗ് ബോഡി നിർദ്ദേശിക്കുന്ന കാര്യങ്ങളും ശുപാർശകളും ആവശ്യമെങ്കിൽ ഭേദഗതികളോടെ അംഗീകരിക്കുക.

(V) സൊസൈറ്റിയുടെ കാര്യക്ഷമമായ പ്രവർത്തനങ്ങൾക്കാവശ്യമായ നിർദ്ദേശങ്ങളും ശുപാർശകളും ഗവേണിംഗ് ബോഡിക്കും എക്സിക്യൂട്ടീവ് കമ്മിറ്റിക്കും നൽകുക.

(VI) സൊസൈറ്റിയുടെ വാർഷിക ബഡ്ജറ്റും ഓഡിറ്റ് ചെയ്ത വരവ്-ചെലവ് കണക്കുകളും അംഗീകരിക്കുക.

(VII) സർക്കാർ ചുമതലപ്പെടുത്തുന്നതോ സൊസൈറ്റിയുടെ ബൈലോ പ്രകാരമുള്ളതോ ആയ മറ്റ് ചുമതലകൾ നിർവ്വഹിക്കുക.

## 6.2. ഗവേണിംഗ് ബോഡി

സൊസൈറ്റിയുടെ ഭരണപരവും നയപരവും ആയ തീരുമാനങ്ങൾ എടുക്കുന്നതിനുള്ള ചുമതല ഗവേണിംഗ് ബോഡിയിൽ നിക്ഷിപ്തമാണ്. ഗവേണിംഗ് ബോഡിയുടെ പ്രധാനപ്പെട്ട ചുമതലകളും ഉത്തരവാദിത്തങ്ങളും താഴെപ്പറയുന്നവയാണ്.

i. സൊസൈറ്റിയുടെ കാര്യക്ഷമമായ പ്രവർത്തനത്തിനാവശ്യമായ നിർദ്ദേശങ്ങൾ എക്സിക്യൂട്ടീവ് കമ്മിറ്റിക്ക് നൽകുകയും സൊസൈറ്റിയുടെ ലക്ഷ്യങ്ങൾ കൈവരിക്കുകയും ചെയ്യുക.

ii. ഓഡിറ്റ് ഓഫ് സ്കീം റൂൾസ് 2011 അനുസരിച്ചും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മാർഗ്ഗ രേഖയ്ക്കനുസരിച്ചും സോഷ്യൽ ഓഡിറ്റ് സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ രൂപപ്പെടുത്തുക.

iii. വാർഷിക പദ്ധതി, ബഡ്ജറ്റ്, ഓഡിറ്റ് ചെയ്ത വരവ് ചെലവ് കണക്കുകൾ, വാർഷിക ഭരണ റിപ്പോർട്ട് എന്നിവ വിലയിരുത്തി അംഗീകാരം നൽകുക.

iv. സൊസൈറ്റിയുടെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പാക്കുക.

v. സൊസൈറ്റിയുടെ ബൈലോയും ചട്ടങ്ങളും ഭേദഗതി ചെയ്യുന്നതിനാവശ്യമായ ശുപാർശകൾ അംഗീകരിച്ച് ജനറൽ ബോഡി മുമ്പാകെ നൽകുക.

vi. സൊസൈറ്റിയിലെ ജീവനക്കാരുടെ നിയമനം സംബന്ധിച്ച് ബൈല തയ്യാറാക്കി സർക്കാരിന്റെ അനുമതിയോടെയും മൂന്നിൽ രണ്ട് അംഗങ്ങളുടെ അംഗീകാരത്തോടെയും തീരുമാനമെടുക്കുക.

vii. ബ്ലോക്ക് റിസോഴ്സ് പേഴ്സൺമാരുടെയും വില്ലേജ് റിസോഴ്സ് പേഴ്സൺമാരുടെയും പ്രവർത്തന മാർഗ്ഗരേഖയ്ക്ക് അംഗീകാരം നൽകുക

viii. എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ നിശ്ചയിക്കപ്പെട്ട നിബന്ധനകൾക്ക് വിധേയമായി ആവശ്യമെങ്കിൽ ഗവേണിംഗ് ബോഡിയിൽ നിക്ഷിപ്തമായ ചുമതലകൾ വിഭജിച്ച് നൽകുക.

ix. കേന്ദ്ര-സംസ്ഥാന ഗവണ്മെന്റുകൾ തീരുമാനിക്കുന്നതനുസരിച്ച് മറ്റു സ്കീമുകളുടെ സോഷ്യൽ ഓഡിറ്റുമായി ബന്ധപ്പെട്ട ചുമതലകൾ ഏറ്റെടുത്ത് നിർവ്വഹിക്കുക.

### 6.2.1. ഗവേണിംഗ് ബോഡി യോഗങ്ങൾ

സൊസൈറ്റി ബൈലോ പ്രകാരം മൂന്ന് മാസത്തിൽ ഒരിക്കൽ ഗവേണിംഗ് ബോഡി യോഗം ചേരേണ്ടതാണ്. 2022-23 സാമ്പത്തിക വർഷം നാല് ഗവേണിംഗ് ബോഡി യോഗങ്ങൾ ചെയർമാൻ ശ്രീ. പ്രണബ് ജ്യോതി നാഥ് ഐ.എ.എസിന്റെ അദ്ധ്യക്ഷതയിൽ ചേരുകയുണ്ടായി. യോഗങ്ങൾ സംബന്ധിച്ച വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | ഗവേണിംഗ് ബോഡി യോഗനമ്പർ | തീയതി |
|---|---|---|
| 1 | 13 | 07-05-2022 |
| 2 | 14 | 28-12-2022 |
| 3 | 15 | 14-03-2023 |
| 4 | 16 | 30-03-2023 |

### 6.2.2. ഗവേണിംഗ് ബോഡിയുടെ സുപ്രധാന തീരുമാനങ്ങൾ

താഴെപ്പറയുന്ന പ്രധാനപ്പെട്ട തീരുമാനങ്ങൾ ഗവേണിംഗ് ബോഡി യോഗത്തിൽ എടുക്കുകയുണ്ടായി.

(i) സൊസൈറ്റിയുടെ ജനറൽ ബോഡി യോഗത്തിന്റെ തീയതിയും അജണ്ടയും വാർഷിക ഭരണ റിപ്പോർട്ടും അംഗീകരിച്ചു.

(ii) 2023-24 വർഷത്തെ സോഷ്യൽ ഓഡിറ്റ് കലണ്ടർ അംഗീകരിച്ചു.

(iii) 2023-24 വർഷത്തേക്കുള്ള വാർഷിക ബഡ്ജറ്റ് അംഗീകരിച്ചു.

(IV) 2021-22 വർഷത്തെ സൊസൈറ്റിയുടെ ഓഡിറ്റ് ചെയ്ത വരവ്-ചെലവ് കണക്കുകളും ബാലൻസ് ഷീറ്റും അംഗീകരിച്ചു.

(v) സൊസൈറ്റി ഏറ്റെടുത്ത് നടപ്പാക്കുന്ന മറ്റ് സ്കീമുകളായ പി.എം.എ.വൈ. (ഗ്രാമീൺ), നാഷണൽ ഹെൽത്ത് മിഷൻ കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ ഓഡിറ്റ്, അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി എന്നിവയുമായി ബന്ധപ്പെട്ട സോഷ്യൽഓഡിറ്റ്പ്രവർത്തനങ്ങൾക്ക് അനുമതി നൽകി.

(vi) ജില്ലാ -ബ്ലോക്ക് -വില്ലേജ് റിസോഴ്സ് പേഴ്സൺമാരുടെ ചുമതലകളും ഉത്തരവാദിത്തങ്ങളും വ്യക്തമാക്കുന്ന പ്രവർത്തന മാർഗ്ഗരേഖ അംഗീകരിച്ചു.

(vii) സോഷ്യൽ ഓഡിറ്റ് യൂണിറ്റിൽ ഒഴിവുകൾ ഉണ്ടായിരുന്ന സോഷ്യൽ ഡെവലപ്മെന്റ് സ്പെഷ്യലിസ്റ്റ്, സ്റ്റേറ്റ് റിസോഴ്സ് പേഴ്സൺ, ജില്ലാ റിസോഴ്സ് പേഴ്സൺ, ബ്ലോക്ക് റിസോഴ്സ് പേഴ്സൺ, വില്ലേജ് റിസോഴ്സ് പേഴ്സൺ എന്നീ തസ്തികകളിലേക്കുള്ള നിയമനത്തിനാവശ്യമായ യോഗ്യതകളും നിയമന നടപടിക്രമങ്ങൾക്കും അംഗീകാരം നൽകി.

(viii) സോഷ്യൽ ഓഡിറ്റ് യൂണിറ്റിൽ പുതുതായി അക്കൗണ്ട്സ് ഓഫീസറുടെ നിയമനത്തിനായുള്ള യോഗ്യതകൾ നിശ്ചയിച്ച് നൽകുകയും നിയമനത്തിന് അംഗീകാരം നൽകുകയും ചെയ്തു.

(ix) പുതുതായി തിരഞ്ഞെടുത്ത ബ്ലോക്ക്-വില്ലേജ് റിസോഴ്സ് പേഴ്സൺമാരുടെ പരിശീലനത്തിന് ആവശ്യമായ അംഗീകാരം നൽകി.

(x) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സോഷ്യൽ ഓഡിറ്റ് ഭൗതിക പുരോഗതി വിലയിരുത്തുകയും സമയബന്ധിതമായി സോഷ്യൽ ഓഡിറ്റ് പൂർത്തിയാക്കുന്നതിനാവശ്യമായ തീരുമാനം എടുക്കുകയും ചെയ്തു.

(xi) സോഷ്യൽ ഓഡിറ്റിലെ കണ്ടെത്തലുകളിന്മേൽ ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുന്നതിന് എം.ജി.എൻ.ആർ.ഇ.ജി.എസ്. മിഷൻ ഡയറക്ടറോട് ആവശ്യപ്പെടുന്നതിന് തീരുമാനിച്ചു.

(xii) സോഷ്യൽ ഓഡിറ്റ് സൊസൈറ്റിയുടെ ധനവിനിയോഗം സംബന്ധിച്ച റിപ്പോർട്ട് ചർച്ച ചെയ്യുകയും അംഗീകാരം നൽകുകയും ചെയ്തു.

(xiii) സോഷ്യൽ ഓഡിറ്റ് ഫണ്ട് യഥാസമയം ലഭ്യമാക്കുന്നതിനുള്ള അപേക്ഷ കേന്ദ്ര ഗ്രാമ വികസന മന്ത്രാലയത്തിന് സമർ പ്പിക്കുന്നതിനും അർഹമായ ഫണ്ട് വാങ്ങി എടുക്കുന്നതിനും ആവശ്യമായ നടപടി കൾ സ്വീകരിക്കുന്നതിനും തീരുമാനിച്ചു.

(xiv) വില്ലേജ് റിസോഴ്സ് പേഴ്സൺമാരുടെ വേതനം കണക്കാക്കുന്നതിന് സോഷ്യൽ ഓഡിറ്റ് ഗ്രാമസഭകളുടെ അടിസ്ഥാന ത്തിൽ മാനദണ്ഡം നിശ്ചയിച്ചു. ഒരു ദിവസം ഏറ്റവും കുറഞ്ഞത് 6 മണി ക്കൂർ പ്രവൃത്തി എന്നതും ഒരു വാർഡിലെ തൊഴിലുറപ്പ് പദ്ധതി പ്രവൃത്തികളുടെ എണ്ണം, ചെലവഴിക്കുന്ന തുക, സജീവ തൊഴിലാളികളുടെ എണ്ണം, ഭൂമിശാസ്ത്ര പരമായ പ്രത്യേകതകൾ എന്നീ മാനദ ണ്ഡങ്ങളെ അടിസ്ഥാനമാക്കി ഒരു സോഷ്യൽ ഓഡിറ്റ് ഗ്രാമസഭയ്ക്ക് എത്ര പ്രവൃത്തി ദിനങ്ങൾ അനുവദിക്കാം എന്ന തീരുമാനമെടുത്തു.

(xv) എക്സിക്യൂട്ടീവ് കമ്മിറ്റിയിലേക്കുള്ള ഗവേ ണിംഗ് ബോഡി പ്രതിനിധികളായി രണ്ട് അനൗദ്യോഗിക അംഗങ്ങളെ തീരുമാനിച്ചു.

(xvi) സോഷ്യൽ ഓഡിറ്റ് ഗുണമേന്മ ഉയർ ത്തുന്നതിനാവശ്യമായ കർമ്മപരിപാടി ക്കും ടെസ്റ്റ് ഓഡിറ്റ് നടത്തുന്നതിനും ആവശ്യമായ തീരുമാനം എടുത്തു.

## 6.3. എക്സിക്യൂട്ടീവ് കമ്മിറ്റി

സോഷ്യൽ ഓഡിറ്റ് സൊസൈറ്റിയുടെ ഭരണ നിർവ്വഹണത്തിൽ മുഖ്യകാര്യ നിർവ്വ ഹണ ചുമതല എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ നിക്ഷി പ്തമാണ്. എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ ചെയർമാൻ ശ്രീ. പ്രണബ് ജ്യോതി നാഥ് ഐ.എ.എസ്. ആണ്. എക്സിക്യൂട്ടിവ് കമ്മിറ്റിയിൽ താഴെപ്പറയു ന്നവർ അംഗങ്ങളാണ്.

1. സോഷ്യൽ ഓഡിറ്റ് സൊസൈറ്റി ഡയറക്ടർ (കൺവീനർ)
2. ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്
3. ധനകാര്യവകുപ്പ് സെക്രട്ടറി അല്ലെങ്കിൽ പ്രതിനിധി
4. ഗവേണിംഗ് ബോഡിയിൽ നിന്നും തെര ഞ്ഞെടുക്കപ്പെടുന്ന രണ്ട് അനൗദ്യോഗിക അംഗങ്ങൾ. എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ ചുമതലകളും ഉത്തരവാദിത്തങ്ങളും താഴെപ്പറയുന്നു.

(i) സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ ക്കാവശ്യമായ നയപരമായ പിന്തുണയും സഹായവും ലഭ്യമാക്കുക.

(ii) വാർഷിക ബഡ്ജറ്റിനും പ്രവർത്തന പരിപാടിക്കും രൂപം നൽകുക.

(iii) സൊസൈറ്റിയിലെ ജീവനക്കാരെയും ഉദ്യോഗസ്ഥരെയും നിയമിക്കുകയും ഗവേണിംഗ് ബോഡിയുടെ അംഗീകാരം വാങ്ങുകയും ചെയ്യുക.

(iv) സോഷ്യൽ ഓഡിറ്റ് കണ്ടെത്തലുകളി ന്മേൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുക.

(v) ഗവേണിംഗ് ബോഡി ഏല്പിച്ചു നൽകുന്ന മറ്റ് ചുമതലകളും ഉത്തരവാദിത്തങ്ങളും നിർവ്വഹിക്കുക.

(vi) സൊസൈറ്റിക്കു വേണ്ടി കരാർ ഉടമ്പ ടികളും ധാരണാപത്രവും ഒപ്പു വയ്ക്കുക.

(vii) സൊസൈറ്റിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ കൈവരിക്കുന്നതിനാവശ്യമായ പ്രവർ ത്തനങ്ങൾ നടപ്പാക്കുക.

(viii) സൊസൈറ്റിയുടെ ലക്ഷ്യങ്ങൾക്ക് അനു യോജ്യമായ എൻഡോവ്മെന്റുകൾ, ഗ്രാന്റുകൾ, സംഭാവനകൾ എന്നിവ സ്വീകരിക്കുക.

(ix) സൊസൈറ്റിയുടെ ഏതൊരധികാരവും ഏതൊരു ഉദ്യോഗസ്ഥനും തീരുമാനിച്ചു നൽകുക.

(x) സൊസൈറ്റിയുടെ പ്രവർത്തനത്തി നാവശ്യമായ സ്ഥാവര ജംഗമ വസ്തു ക്കൾ വാങ്ങുകയോ സംഭാവനയായി

സ്വീകരിക്കുകയോ, നിർമ്മിക്കുകയോ ചെയ്യുകയും അവ സംരക്ഷിക്കുകയും ചെയ്യുന്നതിനാവശ്യമായ തീരുമാനങ്ങൾ കൈക്കൊള്ളുക.

(xi) ബൈലോകൾ തയ്യാറാക്കുകയും നിലവിലുള്ള ബൈലോയിൽ ഭേദഗതി വരുത്തുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ തയ്യാറാക്കി അംഗീകരിച്ച് ഗവേണിംഗ് ബോഡി യോഗത്തിന്റെ അംഗീകാരത്തിനായി നൽകുക.

(xii) സംസ്ഥാന-ജില്ലാ റിസോഴ്സ് പേഴ്സൺമാരുടെ നിയമനത്തിനായി യോഗ്യരായവരെ തെരഞ്ഞെടുത്ത് അംഗീകാരം നൽകുക.

## എക്സിക്യൂട്ടീവ് കമ്മിറ്റിയോഗം

എക്സിക്യൂട്ടീവ് കമ്മിറ്റി 2022-23 വർഷത്തിൽ ഒരു യോഗം മാത്രമാണ് ചേർന്നിട്ടുള്ളത്. 03-08-2022ന് ചേർന്ന എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിൽ ചെയർമാൻ ശ്രീ. പ്രണബ് ജ്യോതിനാഥ് ഐ.എ.എസ്. അദ്ധ്യക്ഷത വഹിച്ചു.

# 7. സോഷ്യൽ ഓഡിറ്റ് യൂണിറ്റ്: സ്റ്റാഫ് സംവിധാനം

സോഷ്യൽ ഓഡിറ്റ് യൂണിറ്റിൽ താഴെപ്പറയുന്നവരാണ് സേവനമനുഷ്ഠിച്ചുവരുന്നത്.

1. ഡോ. എൻ, രമാകാന്തൻ - ഡയറക്ടർ
2. ശ്രീ. പി. ഷാജി - സോഷ്യൽ ഡവലപ്മെന്റ് സ്പെഷ്യലിസ്റ്റ്
3. ഡോ. ടി. ഷാജി - സ്റ്റേറ്റ് റിസോഴ്സ് പേഴ്സൺ
4. ശ്രീമതി നൈന മറിയ വർഗ്ഗീസ് - എം.ഐ. എസ്. എക്സ്പെർട്ട്
5. ശ്രീമതി എ. എസ്. ഷാഹിന - അക്കൗണ്ട്സ് ഓഫീസർ
6. ശ്രീമതി എസ്. മഞ്ജു - ഡേറ്റാ എൻട്രി ഓപ്പറേറ്റർ
7. ശ്രീമതി എൽ. കല - ഓഫീസ് അസിസ്റ്റന്റ്
8. ശ്രീ. വി.എസ്. വിഷ്ണു - അക്കൗണ്ട്സ് അസിസ്റ്റന്റ്
9. ശ്രീ. കെ.ജി. ശ്രീകുമാർ - ഓഫീസ് അസിസ്റ്റന്റ്

# 8. റിസോഴ്സ് പേഴ്സൺമാർ

## 8.1. ജില്ലാ റിസോഴ്സ് പേഴ്സൺമാർ

സംസ്ഥാനത്ത് നിലവിൽ 5 ജില്ലകളിൽ മാത്രമാണ് ജില്ലാ റിസോഴ്സ് പേഴ്സൺമാരായി നിയമിക്കപ്പെട്ടവർ ഉള്ളത്. ബാക്കി 9 ജില്ലകളിൽ ജില്ലാ റിസോഴ്സ് പേഴ്സൺമാരുടെ ഒഴിവുകൾ താത്ക്കാലികാടിസ്ഥാനത്തിൽ ബ്ലോക്ക് റിസോഴ്സ് പേഴ്സൺമാരിൽ നിന്നും ജില്ലാ റിസോഴ്സ് പേഴ്സൺ ഇൻ-ചാർജ്ജ് ആയി നിയമിക്കപ്പെട്ടവരാണ്. നിലവിലുള്ള 9 ജില്ലാ റിസോഴ്സ് പേഴ്സൺമാരുടെ ഒഴിവുകളിലേക്ക് നിയമനം നടത്തുന്നതിനായുള്ള നടപടികൾ ഇതിനകം പൂർത്തിയാക്കിയിട്ടുണ്ട്.

## 8.2. ബ്ലോക്ക് റിസോഴ്സ് പേഴ്സൺമാർ

സംസ്ഥാനത്ത് 152 ബ്ലോക്ക് റിസോഴ്സ് പേഴ്സൺമാരുടെ തസ്തികകളാണ് അംഗീകരിച്ചിട്ടുള്ളത്. 2019ൽ 48 ബ്ലോക്കുകളിൽ മാത്രമാണ് ബ്ലോക്ക് റിസോഴ്സ് പേഴ്സൺമാരെ നിയമിച്ചത്. ഇവരിൽ 6 പേർ ഇതിനകം തന്നെ സോഷ്യൽ ഓഡിറ്റ് യൂണിറ്റിൽ നിന്നും വിടുതൽ വാങ്ങി മറ്റ് ജോലികളിൽ പ്രവേശിക്കുകയുണ്ടായി. ആകെ ഒഴിവുണ്ടായിരുന്ന 110 ബ്ലോക്ക് റിസോഴ്സ് പേഴ്സൺമാരുടെ തസ്തികകളിലേക്ക് 2022-23 വർഷം മത്സരപരീക്ഷയുടെയും ഇന്റർവ്യൂവിന്റെയും അടിസ്ഥാനത്തിൽ റാങ്ക് ലിസ്റ്റ് തയ്യാറാക്കുകയുണ്ടായി. ഗവേണിംഗ് ബോഡി അംഗീകാരത്തോടെ 110 ബ്ലോക്ക് റിസോഴ്സ് പേഴ്സൺമാരെ 30ദിവസത്തെ പരിശീലനത്തിനു ശേഷം പുതുതായി നിയമിക്കുകയും ചെയ്തു.

## 8.3. വില്ലേജ് റിസോഴ്സ് പേഴ്സൺമാർ

ഗ്രാമപഞ്ചായത്ത് തലത്തിൽ സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിൽ പ്രധാനപ്പെട്ട ചുമതല വഹിക്കുന്നത് വില്ലേജ്

റിസോഴ്സ് പേഴ്സൺമാരാണ്. ഒരു ഗ്രാമപഞ്ചായത്തിൽ രണ്ടു വീതം വില്ലേജ് റിസോഴ്സ് പേഴ്സൺമാരുടെ തസ്തികൾക്ക് ഗവേണിംഗ് ബോഡി അംഗീകാരം നൽകിയിട്ടുണ്ട്. എന്നാൽ 1400-1410 വില്ലേജ് റിസോഴ്സ് പേഴ്സൺമാരുടെ സേവനം ഫലപ്രദമായി പ്രയോജനപ്പെടുത്താൻ കഴിഞ്ഞാൽ മുഴുവൻ ഗ്രാമപഞ്ചായത്തുകളുടെയും സോഷ്യൽ ഓഡിറ്റ് പ്രവർത്തനം വർഷത്തിൽ രണ്ട് പ്രാവശ്യം സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിയും എന്നതാണ് കഴിഞ്ഞ രണ്ടു വർഷക്കാലത്തെ അനുഭവം വ്യക്തമാക്കുന്നത്. നിലവിൽ സേവനമനുഷ്ഠിച്ചുവന്നത് 932 വില്ലേജ് റിസോഴ്സ് പേഴ്സൺമാരായിരുന്നു. 2022-23 വർഷം പുതുതായി 464 വില്ലേജ് റിസോഴ്സ് പേഴ്സൺമാരെ വിവിധ ജില്ലകളിലെ ഒഴിവുകളിലേക്ക് സുതാര്യമായും തിരഞ്ഞെടുപ്പ് പ്രക്രിയയിലൂടെ തെരഞ്ഞെടുക്കുകയും ഗവേണിംഗ് ബോഡി അംഗീകാരത്തോടെ പരിശീലനം നൽകി നിയമിക്കുകയും ചെയ്തു. നിലവിൽ 1142 വില്ലേജ് റിസോഴ്സ് പേഴ്സൺമാരാണ് സോഷ്യൽ ഓഡിറ്റ് യൂണിറ്റിൽ സേവനമനുഷ്ഠിച്ചുവരുന്നത്. റിസോഴ്സ് പേഴ്സൺമാരുടെ അനുവദിക്കപ്പെട്ട തസ്തികകളും നിലവിൽ സേവനമനുഷ്ഠിക്കുന്നവരുടെ വിവരങ്ങളും ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | തസ്തിക | അനുവദിക്കപ്പെട്ട എണ്ണം | നിലവിൽ ഉണ്ടായിരുന്ന ഒഴിവുകൾ | പുതുതായി നിയമനം നടത്തിയത് | റിമാർക്സ് |
|---|---|---|---|---|---|
| 1. | ജില്ലാ റിസോഴ്സ് പേഴ്സൺ (DRP) | 14 | 9 | - | പുതിയ നിയമന നടപടികൾ സ്വീകരിച്ചു വരുന്നു |
| 2. | ബ്ലോക്ക് റിസോഴ്സ് പേഴ്സൺ (BRP) | 152 | 110 | 110 | നിലവിൽ ഒഴിവുകൾ ഇല്ല |
| 3. | വില്ലേജ് റിസോഴ്സ് പേഴ്സൺമാർ | 1412 | 948 | 464 | 270 ഒഴിവുകൾ നിലവിലുണ്ട് |

# 9. പരിശീലനങ്ങൾ, കാര്യപ്രാപ്തി വികസന പരിപാടികൾ

## 9.1. സോഷ്യൽ ഓഡിറ്റ് നയരൂപീകരണ ശില്പശാല

കേരളത്തിലെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സോഷ്യൽ ഓഡിറ്റ് ശക്തിപ്പെടുത്തുക എന്ന സംസ്ഥാന സർക്കാർ തീരുമാനം നടപ്പാക്കുന്നതിന്റെ ഭാഗമായി 2022 ഏപ്രിൽ 12, 13 തീയിതികളിൽ തിരുവനന്തപുരം വെള്ളയമ്പലം സോഷ്യൽ സർവ്വീസ് സൊസൈറ്റിയിൽ വച്ച് വിപുലമായ നയരൂപീകരണ ശില്പശാല സംഘടിപ്പിക്കുകയുണ്ടായി. പ്രസ്തുത ശില്പശാല ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ ഉദ്ഘാടനം ചെയ്തു. ഗവേണിംഗ് ബോഡി അംഗം ശ്രീ. എസ്. രാജേന്ദ്രൻ അദ്ധ്യക്ഷത വഹിച്ചു. തദ്ദേശ സ്വയം ഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ശ്രീമതി ശാരദാ മുരളീധരൻ ഐ.എ.എസ്. മുഖ്യ അവതരണം നടത്തി. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ. ഷർമ്മിള മേരി ജോസഫ് ശില്പശാലയിൽ പങ്കെടുത്ത് സംസാരിക്കുകയുണ്ടായി.

കേരളത്തിലെ സോഷ്യൽ ഓഡിറ്റ് പ്രവർത്തനം നേരിടുന്ന പ്രധാനപ്പെട്ട വെല്ലുവിളികൾ എന്തെല്ലാം? ഫലപ്രദമായും ചിട്ടയായും സാർവ്വത്രികമായും സോഷ്യൽ ഓഡിറ്റ് പ്രവർത്തനം എങ്ങിനെ നടപ്പിലാക്കാം? സോഷ്യൽ ഓഡിറ്റ് ഗുണമേന്മ എങ്ങനെ മെച്ചപ്പെടുത്താം? തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും സോഷ്യൽ ഓഡിറ്റ് സംവിധാനവും തമ്മിലുള്ള പരസ്പരബന്ധം എങ്ങിനെ ശക്തിപ്പെടുത്താം? തുടങ്ങിയ വിഷയ

**ങ്ങളെ കേന്ദ്രീകരിച്ചുകൊണ്ടാണ് ശില്പശാല സംഘടിപ്പിച്ചത്. സോഷ്യൽ ഓഡിറ്റ് പ്രവർത്ത നങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന വിവിധ തലങ്ങളിലുള്ള റിസോഴ്സ് പേഴ്സൺമാർ, ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർ, ജനപ്രതിനിധികൾ, ഗ്രാമപഞ്ചായത്ത് അസോസിയേഷൻ പ്രതിനിധി കൾ, പഞ്ചായത്ത് സെക്രട്ടറിമാർ, എൻ.ആർ.ഇ. ജി.എസ്. മിഷൻ ഉദ്യോഗസ്ഥർ, എഞ്ചിനീയറിംഗ് വിഭാഗം ജീവനക്കാർ എന്നിങ്ങനെ 60 പേരാണ് ശില്പശാലയിൽ പങ്കെടുത്തത്.**

**കേരളത്തിലെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സോഷ്യൽ ഓഡിറ്റ് പ്രവർത്തനം ഫലപ്രദമായി നടപ്പാക്കുന്നതിനും പഞ്ചായത്തുകളുടെ പിന്തുണയും സ്വീകര്യതയും സോഷ്യൽ ഓഡിറ്റിന് ഉറപ്പാക്കുന്നതിനും സഹാ യകമായ കാര്യ പരിപാടിക്ക് രൂപം നൽകുന്ന തിന് രണ്ട് ദിവസങ്ങളിലായി നടന്ന ശില്പശാല ഏറെ പ്രയോജനകരമായി. ശില്പശാലയിൽ ഉയർന്നു വന്ന നിർദ്ദേശങ്ങളും അഭിപ്രായങ്ങളും കണക്കിലെടുത്തുകൊണ്ട് സോഷ്യൽ ഓഡിറ്റ് പ്രവർത്തനം കാര്യക്ഷമമായി നടപ്പാക്കുന്നതിന് ആവശ്യമായ മാർഗ്ഗരേഖയ്ക്ക് രൂപം നൽകുന്ന തിന് സോഷ്യൽ ഓഡിറ്റ് യൂണിറ്റിന് കഴിഞ്ഞു.**

## 9.2. വില്ലേജ് റിസോഴ്സ് പേഴ്സൺ മാരുടെ പരിശീലനത്തിനുള്ള പരിശീലക പരിശീലനം

വില്ലേജ് റിസോഴ്സ് പേഴ്സൺമാരായി പുതുതായി തെരഞ്ഞെടുക്കപ്പെട്ട 464 പേർക്ക് സംസ്ഥാനത്തെ ഏഴ് മേഖലാ കേന്ദ്രങ്ങളിൽ വച്ച് പരിശീലനം സംഘടിപ്പിക്കുന്നതിന് 150 ഓളം പരിശീലകരെ കണ്ടെത്തുകയുണ്ടായി. 22 സെഷനുകൾ അടങ്ങിയ വി.ആർ.പി.മാരുടെ പരിശീലനത്തിന് നേതൃത്വം നൽകുന്നതിനും വിവിധ കേന്ദ്രങ്ങളിൽ സമാന്തരമായി സമയ ബന്ധിതമായി പരിശീലനം സംഘടിപ്പിക്കുന്ന തിനും ഇത്തരത്തിൽ കണ്ടെത്തിയ പരിശീലകരെ സജ്ജമാക്കേണ്ടതുണ്ട്. ഫലപ്രദവും കാര്യക്ഷമവു മായ പരിശീലനം ഉറപ്പാക്കുന്നതിന് വിശദമായ വി.ആർ.പി. പരിശീലന മൊഡ്യൂൾ സോഷ്യൽ ഓഡിറ്റ് യൂണിറ്റ് തയ്യാറാക്കുകയുണ്ടായി. ഓരോ സെഷന്റെയും ഉള്ളടക്കം, പഠനരീതി, സമയ ക്രമം, ആവശ്യമായ പഠന സാമഗ്രികൾ എന്നിവ വ്യക്തമാക്കുന്ന ഈ പരിശീലന മൊഡ്യൂളിന്റെ അടിസ്ഥാനത്തിൽ രണ്ടു ദിവസത്തെ പരിശീ ലക പരിശീലനം 2022 ആഗസ്റ്റ് 19, 20 തീയതിക ളിൽ തൃശ്ശൂർ മുളങ്കുന്നത്തുകാവ് കിലയിൽ സംഘ ടിപ്പിച്ചു. വിവിധ മേഖലാ കേന്ദ്രങ്ങളിൽ വച്ച് വി.ആർ.പി. മാരുടെ നാല് ദിവസത്തെ ക്ലാസ്സ് റൂം പഠനവും ഒരു ദിവസത്തെ ഫീൽഡ് പഠനവും കാര്യക്ഷമമായും ഫലപ്രദമായും പൂർത്തിയാക്കുന്ന തിന് പരിശീലക പരിശീലനത്തിലൂടെ വലിയൊരള വിൽ കഴിഞ്ഞിട്ടുണ്ട്. പരിശീലകരുടെ കാര്യ പ്രാപ്തിയെ സംബന്ധിച്ച് പരിശീലന പങ്കാളിക ളായ വി.ആർ.പി.മാർ മെച്ചപ്പെട്ട അഭിപ്രായ മാണ് പരിശീലന വിലയിരുത്തലിൽ രേഖപ്പെടു ത്തിയത്.

## 9.3. വില്ലേജ് റിസോഴ്സ് പേഴ്സൺമാരുടെ പരിശീലനം

കേരളത്തിലെ വിവിധ ജില്ലകളിലെ വിവിധ ബ്ലോക്കുകളിലേക്ക് വില്ലേജ് റിസോഴ്സ് പേഴ്സൺമാരെ തെരഞ്ഞെടുക്കുകയുണ്ടായി. അവർക്ക് ഒമ്പത് ബാച്ചുകളിലായി വിവിധ മേഖലാ കേന്ദ്രങ്ങളിൽ വച്ച് നാല് ദിവസത്തെ റസിഡന്റ്ഷ്യൽ പരിശീലനം സംഘടിപ്പിക്കുകയും ചെയ്തു. വിവിധ പരിശീലന കേന്ദ്രങ്ങളെ സംബന്ധിച്ചും പരിശീലന തീയതി സംബന്ധിച്ചു മുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പരിശീലന കേന്ദ്രം | തീയതി | പങ്കെടുക്കുന്ന ജില്ലകളിലെ വി.ആർ.പി.മാർ |
|---|---|---|---|
| 1 | കില-സി,എച്ച്.ആർ.ഡി. കൊട്ടാരക്കര, കൊല്ലം | 2022 സെപ്റ്റംബർ 13 മുതൽ 16 വരെ | തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട |
| 2 | ഓയിസ്ക ഇക്കോ റിസ്റ്ററേഷൻ സെന്റർ, മീനങ്ങാടി, വയനാട് | 2022 സെപ്റ്റംബർ 20 മുതൽ 23 വരെ | വയനാട് കോഴിക്കോട് |
| 3 | കേരള ഫോറസ്റ്റ് റിസർച്ച് സെന്റർ, നിലമ്പൂർ, മലപ്പുറം | 2022 സെപ്റ്റംബർ 20 മുതൽ 23 വരെ | മലപ്പുറം |
| 4 | കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില) തൃശ്ശൂർ | 2022 സെപ്റ്റംബർ 22 മുതൽ 25 വരെ | മലപ്പുറം തൃശ്ശൂർ |
| 5 | റിന്യൂവൽ സെന്റർ, കലൂർ, എറണാകുളം | 2022 സെപ്റ്റംബർ 22 മുതൽ 25 വരെ | ഇടുക്കി എറണാകുളം |
| 6 | ചങ്ങനാശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി, ചങ്ങനാശ്ശേരി | 2022 സെപ്റ്റംബർ 24 മുതൽ 27 വരെ | കോട്ടയം ആലപ്പുഴ |
| 7 | ഐ.ആർ.ടി.സി. മുണ്ടൂർ, പാലക്കാട് | 2022 സെപ്റ്റംബർ 26 മുതൽ 29 വരെ | പാലക്കാട് മലപ്പുറം |
| 8 | കദളീവനം, കൊടക്കാട്, കാസർഗോഡ് | 2022 സെപ്റ്റംബർ 26 മുതൽ 29 വരെ | കാസർഗോഡ് കണ്ണൂർ |
| 9 | റിന്യൂവെൽ സെന്റർ, എറണാകുളം | 2022 സെപ്റ്റംബർ 27 മുതൽ 30 വരെ | എറണാകുളം |

നാല് ദിവസത്തെ റസിഡൻഷ്യൽ പരിശീലനത്തിന്റെ തുടർച്ചയായി വില്ലേജ് റിസോഴ്സ് പേഴ്സൺമാരുടെ ഒരു ദിവസത്തെ ഫീൽഡ് പരിശീലനം എം.ജി.എൻ.ആർ.ഇ.ജിയുമായി ബന്ധപ്പെട്ട സാങ്കേതിക വൈദഗ്ധ്യം ആവശ്യമായ പ്രവൃത്തികളുടെ ആസൂത്രണം, നിർവ്വഹണം, വിലയിരുത്തൽ എന്നീ വിഷയങ്ങളെ അടിസ്ഥാനമാക്കി അതത് ബ്ലോക്കുകളിൽ വച്ച് സംഘടിപ്പിക്കുകയുണ്ടായി. അതത് ബ്ലോക്കിലെ എഞ്ചിനീയർ, ഓവർസീയർ, ബ്ലോക്ക് റിസോഴ്സ് പേഴ്സൺ എന്നിവർ പ്രസ്തുത ഫീൽഡ് പരിശീലനത്തിന് നേതൃത്വം നൽകി.

സെഷൻ - 1 : സോഷ്യൽ അക്കൗണ്ടബിലിറ്റിയും സേഷ്യൽ ഓഡിറ്റും

സെഷൻ - 2 : സോഷ്യൽ ഓഡിറ്റ് എന്ത്? എന്തിന്?

സെഷൻ - 3 : മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നിയമം: സുപ്രധാന നിയമ വ്യവസ്ഥകൾ

സെഷൻ - 4 : മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി: ആസൂത്രണവും നിർവ്വഹണവും

സെഷൻ - 5 : എം.ജി.എൻ.ആർ.ഇ.ജിഎസ്.ൽ ഏറ്റെടുക്കാൻ കഴിയുന്നതും അനുവദനീയവുമായ പ്രവൃത്തികൾ

സെഷൻ - 6 : പദ്ധതിയുമായി ബന്ധപ്പെട്ട് തയ്യാറാക്കി സൂക്ഷിക്കേണ്ട രജിസ്റ്ററുകളും രേഖകളും

സെഷൻ - 7 : ഫയലുകളുടെയും രേഖകളുടെയും പരിശോധന : പ്രായോഗിക പരിജ്ഞാനം വളർത്തൽ (ഗ്രൂപ്പ് എക്സർസൈസ്)

സെഷൻ - 8 : മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി: ഗ്രാമപഞ്ചായത്തുകളുടെ ചുമതലകളും ഉത്തരവാദിത്തങ്ങളും

സെഷൻ - 9 : മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയും സോഷ്യൽ ഓഡിറ്റും, നിയമ വ്യവസ്ഥകൾ

സെഷൻ -10 : ഓഡിറ്റ് ഓഫ് സ്കീം റൂൾസ് 2011ഉം സോഷ്യൽ ഓഡിറ്റ് സ്റ്റാൻഡേർഡ്സും

സെഷൻ - 11 : ഓഡിറ്റ് ഓഫ് സ്കീം റൂൾസ് 2011: ഫാക്കൽട്ടി സഹായത്തോടെയുള്ള വായന

സെഷൻ - 12 : സോഷ്യൽ ഓഡിറ്റ് പ്രക്രിയ പരിചയപ്പെടുത്തൽ

സെഷൻ - 13 : രേഖകളുടെയും രജിസ്റ്ററുകളുടെയും പരിശോധനയും രേഖപ്പെടുത്തലും ചെക്ക് ലിസ്റ്റ് പരിചയപ്പെടുത്തൽ

സെഷൻ - 14 : ഫീൽഡ് പരിശോധനയും അളവുകൾ രേഖപ്പെടുത്തലും

സെഷൻ - 15 : ഫീൽഡ് സന്ദർശനവും ഗുണഭോക്താക്കളിൽ നിന്നും തൊഴിലാളികളിൽ നിന്നും പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട വിവരശേഖരണവും

സെഷൻ - 16 : സോഷ്യൽ ഓഡിറ്റ് ഫോർമാറ്റുകൾ പരിചയപ്പെടുത്തൽ

സെഷൻ - 17 : സോഷ്യൽ ഓഡിറ്റ് ഫോർമാറ്റുകൾ പരിചയപ്പെടുത്തൽ, പ്രായോഗിക പരിജ്ഞാനം നേടൽ-ഗ്രൂപ്പ് എക് സർസൈസ്

സെഷൻ - 18 : സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് തയ്യാറാക്കൽ

സെഷൻ - 19 : സോഷ്യൽ ഓഡിറ്റ് ഗ്രാമസഭകൾ: സംഘാടനം, നടത്തിപ്പ്

സെഷൻ - 20 : സോഷ്യൽ ഓഡിറ്റ് പബ്ലിക്ഹിയറിംഗ്: സംഘാടനം, നടത്തിപ്പ്

സെഷൻ - 21 : സോഷ്യൽ ഓഡിറ്റ് റിസോഴ്സ് പേഴ്സൺമാരുടെ ചുമതലകളും ഉത്തരവാദിത്തങ്ങളും

സെഷൻ - 22 : പാനൽ ചർച്ചയും സംശയനിവാരണവും.

തുടർന്ന് അതത് ബ്ലോക്കിൽ വച്ച് ഒരു ദിവസത്തെ ഫീൽഡ് പരിശീലനം എഞ്ചിനീയറിംഗുമായി ബന്ധപ്പെട്ട വിഷയമേഖലകളായ എസ്റ്റിമേറ്റ്, മെഷർമെന്റ്, ബില്ല് തയ്യാറാക്കൽ എന്നിവ അടിസ്ഥാനമാക്കി നടത്തുകയും ചെയ്തു. തുടർന്ന് ഫീൽഡ് പഠനത്തിന്റെ ഭാഗമായി എം.ജി.എൻ.ആർ.ഇ.ജി എസിൽ നടപ്പാക്കിയ വിവിധ പ്രവൃത്തി സ്ഥലങ്ങൾ സന്ദർശിക്കുകയും പദ്ധതിയുടെ ഭാഗമായി ഏറ്റെടുക്കുന്ന വിവിധ പൊതുവികസന പ്രവൃത്തികളെ സംബന്ധിച്ചും അവയുടെ മെഷർമെന്റ് എടുക്കുന്നതിനെ സംബന്ധിച്ചും പ്രായോഗിക വൈദഗ്ദ്ധ്യം വളർത്തുന്നതിനും പുതുതായി തിരഞ്ഞെടുക്കപ്പെട്ട വി.ആർ.പി.മാർക്ക് അവസരമൊരുക്കി.

## 9.4 നിലവിലുണ്ടായിരുന്ന വില്ലേജ് റിസോഴ്സ് പേഴ്സൺമാരുടെ പുനഃപരിശീലനം

സോഷ്യൽ ഓഡിറ്റ് നടപ്പാക്കുന്നതിനായി 2019ൽ വില്ലേജ് റിസോഴ്സ് പേഴ്സൺമാരെ തെരഞ്ഞെടുക്കുകയുണ്ടായി. മൂവായിരത്തിലധികം വില്ലേജ് റിസോഴ്സ് പേഴ്സൺമാരെയാണ് ഈ ഘട്ടത്തിൽ തെരഞ്ഞെടുത്തത്. പുതുതായി നിയമിക്കപ്പെടുന്ന വില്ലേജ് റിസോഴ്സ് പേഴ്സൺമാർക്ക് നാല് ദിവസത്തെ പ്രാഥമിക പരിശീലനം (Induction Training) നൽകണമെന്നാണ് കേന്ദ്ര ഗ്രാമവികസന മന്ത്രാലയം നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ ഈ ഘട്ടത്തിൽ ഇത്രയേറെ വില്ലേജ് റിസോഴ്സ് പേഴ്സൺമാർക്ക് ചിട്ടയായ പരിശീലനം കൃത്യമായ പാഠ്യപദ്ധതിയുടെ സഹായത്തോടെ നടപ്പാക്കുന്നതിന് സോഷ്യൽ ഓഡിറ്റ് യൂണിറ്റിന് കഴിഞ്ഞില്ല. മാത്രവുമല്ല അതത് ബ്ലോക്ക് തലത്തിലാണ് പരിശീലനങ്ങൾ സംഘടിപ്പിച്ചത്. നാല് ദിവസത്തെ പരിശീലനം ലഭിച്ച വില്ലേജ് റിസോഴ്സ് പേഴ്സൺമാർ വളരെക്കുറച്ച് പേർ മാത്രമാണ്.

വില്ലേജ് റിസോഴ്സ് പേഴ്സൺമാരുടെ പരിശീലനത്തിന്റെ അഭാവം സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പാക്കുന്നതിൽ നേരിടേണ്ടി വന്ന മുഖ്യമായൊരു വെല്ലുവിളിയായിരുന്നു. കൃത്യമായ പരിശീലനത്തിന്റെ പോരായ്മ

സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങളുടെ ഗുണ മേന്മയെ ഏറെ പ്രതികൂലമായി ബാധിക്കുകയു ണ്ടായി. വില്ലേജ് റിസോഴ്സ് പേഴ്സൺമാർക്ക് സോഷ്യൽ ഓഡിറ്റിന്റെ പ്രാധാന്യം, ഉദ്ദേശ്യ ലക്ഷ്യങ്ങൾ പാലിക്കേണ്ട നടപടിക്രമങ്ങളും പ്രക്രിയയും, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നിയമത്തെയും മാർഗ്ഗരേഖ യെയും സംബന്ധിച്ച ധാരണ, പഞ്ചായത്ത് രാജ് സംവിധാനത്തിന്റെ പ്രവർത്തനം ഇവയെല്ലാം സംബന്ധിച്ച് വ്യക്തമായ ധാരണയോ സോഷ്യൽ ഓഡിറ്റ് വൈദഗ്ധ്യമോ വേണ്ടത്ര ഉണ്ടായിരുന്നില്ല എന്നതാണ് വാസ്തവം. വില്ലേജ് റിസോഴ്സ് പേഴ്സൺമാരുടെ പ്രവർത്തനക്ഷമ തയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും പ്രാദേശികതലത്തിൽ സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങൾ നടപ്പാക്കുന്ന വില്ലേജ് റിസോഴ്സ് പേഴ്സൺമാർക്ക് അതത് ജില്ലയിൽ വച്ച് ഒരു ദിവസത്തെ പുനഃപരിശീലനം നൽകു കയുണ്ടായി. ജില്ലാതലത്തിൽ സംഘടിപ്പിച്ച പരി ശീലനത്തിൽ താഴെപ്പറയുന്ന വിഷയങ്ങളാണ് ഉൾപ്പെടുത്തിയത്.

1. സോഷ്യൽ ഓഡിറ്റിന്റെ പ്രാധാന്യം, സോഷ്യൽ ഓഡിറ്റ് ഓഫ് സ്കീം റൂൾസ് 2011.
2. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ആസൂത്രണവും നിർമ്മാണവുമായി ബന്ധപ്പെട്ട പുതിയ മാറ്റങ്ങളും
3. പദ്ധതിയിൽ ഉൾപ്പെട്ട് നടപ്പാക്കുന്ന പൊതു വികസന പ്രവൃത്തികളുടെ സാങ്കേതിക വിലയിരുത്തലിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ
4. സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങളും പഞ്ചായത്തും തമ്മിലുള്ള പരസ്പര സഹക രണം മെച്ചപ്പെടുത്തൽ
5. സംശയ നിവാരണം

വില്ലേജ് റിസോഴ്സ് പേഴ്സൺമാരുടെ പുന പരിശീലനത്തിൽ വിവിധ ജില്ലകളിലെ പങ്കാളിത്തം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | ജില്ല (1) | പരിശീലന വേദി (2) | പരിശീലന തീയതി (3) | പങ്കാളിത്തം (4) |
|---|---|---|---|---|
| 1 | തിരുവനന്തപുരം | മിത്രനികേതൻ സിറ്റി സെന്റർ | 28-10-2022 | 127 |
| 2 | കൊല്ലം | കൊട്ടിയം, ക്രിസ്തു ജയന്തി അനിമേഷൻ സെന്റർ | 09-11-2022 | 77 |
| 3 | പത്തനംതിട്ട | പറക്കോട് ബ്ലോക്ക് കോൺവെന്റ് ഹാൾ | 04-11-2022 | 70 |
| 4 | ആലപ്പുഴ | അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്ത് ഹാൾ | 05-11-2022 | 109 |
| 5 | കോട്ടയം | ചാസ്, അസംപ്ഷൻ റോഡ്, ചങ്ങനാശ്ശേരി | 12-11-2022 | 93 |
| 6 | ഇടുക്കി | ജില്ലാ പഞ്ചായത്ത് ഹാൾ, പൈനാവ് | 25-11-2022 | 58 |
| 7 | എറണാകുളം | ജില്ലാ പഞ്ചായത്ത് ഹാൾ, കാക്കനാട് | 28-11-2022 | 117 |
| 8 | തൃശ്ശൂർ | കോസ്റ്റ് ഫോർഡ്, അയ്യന്തോൾ | 13-12-2022 | 124 |
| 9 | പാലക്കാട് | മലമ്പുഴ ബ്ലോക്ക് പഞ്ചായത്ത് ഹാൾ | 24-12-2022 | 110 |
| 10 | മലപ്പുറം | ജില്ലാ പഞ്ചായത്ത് ഹാൾ, മലപ്പുറം | 07-01-2023 | 96 |
| 11 | കോഴിക്കോട് | ബ്ലോക്ക് പഞ്ചായത്ത് കോൺഫറൻസ് സെന്റർ, ബാലുശ്ശേരി | 21-11-2022 | 107 |
| 12 | വയനാട് | ശ്രേയസ്, സുൽത്താൻ ബത്തേരി | 12-10-2023 | 30 |
| 13 | കണ്ണൂർ | കണ്ണൂർ സയൻസ് പാർക്ക് | 08-02-2023 | 86 |
| 14 | കാസർഗോഡ് | ജില്ലാ പഞ്ചായത്ത് ലൈബ്രറി ഹാൾ | 27-01-2023 | 45 |
| | **ആകെ** | | | **1249** |

## 9.5 പുതുതായി തെരഞ്ഞെടുക്കപ്പെട്ട ബ്ലോക്ക് റിസോഴ്സ് പേഴ്സൺ മാരുടെ പരിശീലനം

**സോഷ്യൽ ഓഡിറ്റ് യൂണിറ്റിലേക്ക് പുതുതായി തെരഞ്ഞെടുക്കപ്പെട്ട ബ്ലോക്ക് റിസോഴ്സ് പേഴ്സൺമാർക്ക് ദേശീയതലത്തിൽ തയ്യാറാക്കിയ പാഠ്യപദ്ധതിയെ അടിസ്ഥാനമാക്കി മുപ്പത് ദിവസത്തെ പരിശീലനം സംഘടിപ്പിക്കുകയുണ്ടായി. മൂന്ന് ബാച്ചുകളിലായി 110 ബ്ലോക്ക് റിസോഴ്സ് പേഴ്സൺമാർക്ക് ഹൈദരാബാദ് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റ് ആന്റ് പഞ്ചായത്ത് രാജിന്റെ (NIRDPR) സഹായത്തോടെ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷന്റെയും (KILA) യുടെയും സോഷ്യൽ ഓഡിറ്റ് യൂണിറ്റ് കേരള (SAUK)യുടെയും നേതൃത്വത്തിലാണ് ബി.ആർ.പി. മാരുടെ പരിശീലനം സംഘടിപ്പിച്ചത്. പരിശീലനം സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.**

| ക്രമ നമ്പർ | പരിശീലന വേദി | പരിശീലന തീയതി | പങ്കെടുത്തവരുടെ എണ്ണം |
|---|---|---|---|
| 1. | കില- സി.എച്ച്.ആർ.ഡി, കൊട്ടാരക്കര | 14-02-2023 to 16-03-2023 | 39 |
| 2. | കില - സി,എച്ച്.ആർ.ഡി, കൊട്ടാരക്കര | 16-02-2023 to 19-03-2023 | 31 |
| 3. | കില- മുളങ്കുന്നത്തുകാവ്, തൃശ്ശൂർ | 06-03-2023 to 06-04-2023 | 40 |
| | **ആകെ** | | **110** |

**മുപ്പത് ദിവസത്തെ പരിശീലനത്തിന്റെ ഭാഗമായി പത്ത് ദിവസം പൂർണ്ണമായും സോഷ്യൽ ഓഡിറ്റിൽ പ്രായോഗിക വൈദഗ്ധ്യം വളർത്തുന്നതിന് സഹായകമായ ഫീൽഡ് പഠനത്തിനുള്ള അവസരം ലഭിക്കുകയുണ്ടായി. സോഷ്യൽ ഓഡിറ്റിന്റെ സൈദ്ധാന്തികവും പ്രായോഗികവുമായ പരിജ്ഞാനം വളർത്തുന്നതിന് ഇതിലൂടെ കഴിയുകയും പ്രൊഫഷണൽ വൈദഗ്ധ്യമുള്ള ബ്ലോക്ക് റിസോഴ്സ് പേഴ്സൺമാരെ എല്ലാ ബ്ലോക്കുകളിലേക്കും നിയമിക്കുന്നതിന് കഴിഞ്ഞു.**

## 10 കൈപ്പുസ്തകങ്ങൾ, മാർഗ്ഗരേഖകൾ

2022-23 വർഷത്തിൽ സോഷ്യൽ ഓഡിറ്റ് യൂണിറ്റ് താഴെപ്പറയുന്ന കൈപ്പുസ്തകങ്ങളും മാർഗ്ഗരേഖകളും തയ്യാറാക്കി വിതരണം ചെയ്യുകയുണ്ടായി.

1. വില്ലേജ് റിസോഴ്സ് പേഴ്സൺമാരുടെ പരിശീലന മാനുവൽ (Training Manual for Village Resource Persons).
2. സോഷ്യൽ ഓഡിറ്റ് പ്രവർത്തന മാർഗ്ഗരേഖ (Guidelines for Social Audit Process and Procedures)
3. സോഷ്യൽ ഓഡിറ്റ് റിസോഴ്സ് പേഴ്സൺ മാരുടെ ചുമതലകളും ഉത്തരവാദിത്തങ്ങളും (Duties and Responsibilities of Social Audit Resource Persons)
4. സോഷ്യൽ ഓഡിറ്റ് ഗ്രാമസഭകളുടെ നടത്തിപ്പ് സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ (Standard Operating Procedures for conducting Social Audit Grama Sabhas)
5. സോഷ്യൽ ഓഡിറ്റ് പബ്ലിക് ഹിയറിംഗുകളുടെ നടത്തിപ്പ് സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ (Standard Operating Procedures for conducting Social Audit Public Hearings)

## 11. മുൻ വർഷങ്ങളിലെ സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങൾ

സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങൾ 2018-19 വർഷത്തിൽ ആരംഭിച്ചുവെങ്കിലും ചിട്ടയായും ഫലപ്രദമായും സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിന് കഴിഞ്ഞത് 2022-23 വർഷത്തിൽ മാത്രമാണ്. 2018-19 വർഷത്തിൽ

റിസോഴ്സ് പേഴ്സൺമാരുടെ തെരഞ്ഞെടുപ്പ് മാത്രമാണ് നടത്തുന്നതിന് കഴിഞ്ഞത്. 2019-20 വർഷത്തിൽ സോഷ്യൽ ഓഡിറ്റ് നടപ്പാക്കാൻ കഴിഞ്ഞത് 405 ഗ്രാമപഞ്ചായത്തുകളിലെ 2831 വാർഡുകളിൽ മാത്രമാണ്. 33 ഗ്രാമപഞ്ചായത്തുകളിൽ മാത്രമാണ് എല്ലാ വാർഡുകളിലും സോഷ്യൽ ഓഡിറ്റ് ഗ്രാമസഭകൾ നടപ്പാക്കിയത്. കേരളത്തിലെ 15962 ഗ്രാമപഞ്ചായത്ത് വാർഡുകളിലും സോഷ്യൽ ഓഡിറ്റ് ഗ്രാമസഭകൾ വർഷത്തിൽ രണ്ട് പ്രാവശ്യം നടത്തുക എന്ന നിയമപരമായ ഉത്തരവാദിത്വം നിർവ്വഹിക്കുന്നതിന് നമുക്ക് കഴിഞ്ഞില്ല. അതുകൊണ്ട് തന്നെ സോഷ്യൽ ഓഡിറ്റ് സംബന്ധിച്ച ദേശീയ വിലയിരുത്തലിൽ കേരളത്തിന്റെ ഇക്കാര്യത്തിലുള്ള പിന്നാക്കാവസ്ഥ ഏറെ ശ്രദ്ധിക്കപ്പെടുകയുണ്ടായി.

2020-21 സാമ്പത്തിക വർഷത്തിൽ രാജ്യത്താകെ ബാധിച്ച കോവിഡ് മഹാമാരി സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങളെയും പ്രതികൂലമായി ബാധിക്കുകയുണ്ടായി. ഇത്തരമൊരു സാഹചര്യത്തിൽ ജനങ്ങളുടെ സാമൂഹ്യമായ കൂടിച്ചേരൽ ഒഴിവാക്കണമെന്നും സോഷ്യൽ ഓഡിറ്റ് ഗ്രാമസഭകൾ ഒഴിവാക്കിക്കൊണ്ടുള്ള റഗുലർ സോഷ്യൽ ഓഡിറ്റിൽ നിന്നും കൺകറന്റ് സോഷ്യൽ ഓഡിറ്റിലേക്ക് മാറണമെന്നും കേന്ദ്ര ഗവണ്മെന്റ് തീരുമാനിച്ചു. ഇതിനായുള്ള മാർഗ്ഗരേഖ കേന്ദ്ര ഗ്രാമവികസന മന്ത്രാലയം പുറപ്പെടുവിക്കുകയും ചെയ്തു. എന്നാൽ മുൻവർഷങ്ങളിലെ സോഷ്യൽ ഓഡിറ്റ് പ്രവർത്തന പുരോഗതിയിലെ പിന്നാക്കാവസ്ഥയുടെ പേരിൽ കേരളത്തിന് സോഷ്യൽ ഓഡിറ്റ് ഫണ്ട് യഥാസമയം ലഭ്യമായില്ല. ഇതിന്റെ ഫലമായി സോഷ്യൽ ഓഡിറ്റ് പ്രവർത്തനം നിർത്തിവയ്ക്കേണ്ട സാഹചര്യം പോലും ഉണ്ടായിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷത്തിൽ 872 ഗ്രാമപഞ്ചായത്തുകളിലായി 47622 പ്രവൃത്തികളുടെ കൺകറന്റ് സോഷ്യൽ ഓഡിറ്റാണ് നടപ്പാക്കുന്നതിനാണ് കഴിഞ്ഞത്.

2021-22 സാമ്പത്തിക വർഷത്തിൽ റഗുലർ സോഷ്യൽ ഓഡിറ്റ് പുനരാരംഭിച്ചത് 2021 ഡിസംബർ മാസത്തോടെയായിരുന്നു. 2021 ഏപ്രിൽ മുതൽ സെപ്തംബർ വരെയുള്ള ആറുമാസക്കാലം സോഷ്യൽ ഓഡിറ്റ് പ്രവർത്തനം പൂർണ്ണമായും നിർത്തിവയ്ക്കുകയുണ്ടായി. 2021 ഒക്ടോബർ, നവംബർ മാസങ്ങളിൽ കൺകറന്റ് സോഷ്യൽ ഓഡിറ്റ് പുനരാരംഭിക്കുകയും 15165 പ്രവൃത്തികളുടെ സോഷ്യൽ ഓഡിറ്റ് നടത്തുകയും ചെയ്തു. 2021 ഡിസംബറിൽ റഗുലർ സോഷ്യൽ ഓഡിറ്റിലേക്ക് കേരളം വരികയും ലഭ്യമായ വില്ലേജ് റിസോഴ്സ് പേഴ്സൺമാരെ പ്രയോജനപ്പെടുത്തി ഒരു ഗ്രാമപഞ്ചായത്തിലെ മുഴുവൻ വാർഡുകളിലും സോഷ്യൽ ഓഡിറ്റ് ഗ്രാമസഭകൾ സംഘടിപ്പിക്കുന്നതിനും നടപടികൾ സ്വീകരിക്കുകയുണ്ടായി. അതോടൊപ്പം തന്നെ ഒരു ഗ്രാമപഞ്ചായത്തിലെ മുഴുവൻ സോഷ്യൽ ഓഡിറ്റ് ഗ്രാമസഭകളും പൂർത്തിയാക്കി പഞ്ചായത്ത് തല സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് തയ്യാറാക്കി സോഷ്യൽ ഓഡിറ്റ് പബ്ലിക് ഹിയറിംഗുകൾ നടത്തുന്നതിനും നമുക്ക് കഴിഞ്ഞു.

2021 ഡിസംബർ മുതൽ 2022 മാർച്ച് വരെ 296 ഗ്രാമപഞ്ചായത്തുകളിലെ മുഴുവൻ വാർഡുകളിലും സോഷ്യൽ ഓഡിറ്റ് ഗ്രാമസഭകളും പൂർത്തിയാക്കി ഗ്രാമപഞ്ചായത്ത് തല സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് തയ്യാറാക്കി പബ്ലിക് ഹിയറിംഗ് സംഘടിപ്പിക്കുന്നതിന് കഴിഞ്ഞു. കേരളത്തിന്റെ സോഷ്യൽ ഓഡിറ്റ് ചരിത്രത്തിൽ ആദ്യമായി പഞ്ചായത്ത്തല സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് തയ്യാറാക്കി കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിന്റെ വെബ് പോർട്ടലിൽ രേഖപ്പെടുത്തി നൽകുന്നതിനും 2021-22 സാമ്പത്തിക വർഷത്തിന്റെ അവസാനത്തോടെ കേരളത്തിന് കഴിഞ്ഞു.

## 12. സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങൾ 2022-23 വർഷത്തിൽ

കേരളത്തിലെ സോഷ്യൽ ഓഡിറ്റ് ചരിത്രത്തിൽ സുപ്രധാനമായ നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞത് 2022-23 വർഷത്തിലാണ്. പ്രധാനമായും സോഷ്യൽ ഓഡിറ്റ് യൂണിറ്റ് ശ്രദ്ധ കേന്ദ്രീകരിച്ചത് താഴെപ്പറയുന്ന കാര്യങ്ങളിലായിരുന്നു.

- മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് നടപ്പിലാക്കിയ എല്ലാ പ്രവൃത്തികളും സോഷ്യൽ ഓഡിറ്റിന് വിധേയമാക്കി സോഷ്യൽ ഓഡിറ്റിൽ നിക്ഷിപ്തമായ ചുമതലകൾ പൂർണ്ണമായും നിറവേറ്റുക.

- സോഷ്യൽ ഓഡിറ്റ് പൂർത്തിയാക്കിയ 15962 വാർഡുകളിലും സോഷ്യൽ ഓഡിറ്റ് ഗ്രാമസഭകൾ സംഘടിപ്പിക്കുക.
- സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളിലെയും സോഷ്യൽ ഓഡിറ്റ് ഗ്രാമസഭാ റിപ്പോർട്ടുകൾ ക്രോഡീകരിച്ച് പഞ്ചായത്ത്തല സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് തയ്യാറാക്കുക.
- പഞ്ചായത്ത് തലത്തിൽ സോഷ്യൽ ഓഡിറ്റ് പബ്ലിക് ഹിയറിംഗുകൾ സംഘടിപ്പിക്കുക.
- സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങളിൽ ഗ്രാമപഞ്ചായത്തുകളുടെ പിന്തുണയും ഉടമസ്ഥതയും ഉറപ്പാക്കുക.
- എല്ലാ ഗ്രാമപഞ്ചായത്തുകളുടെയും സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടുകൾ കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിന്റെ ദേശീയതല വെബ് പോർട്ടലിൽ രേഖപ്പെടുത്തുക.
- ഇതിനായി സോഷ്യൽ ഓഡിറ്റ് എം.ഐ.എസ്. സംവിധാനം പ്രവർത്തനക്ഷമമാക്കുക.
- സോഷ്യൽ ഓഡിറ്റ് യൂണിറ്റിൽ ഒഴിവുള്ള ജില്ലാ റിസോഴ്സ് പേഴ്സൺ, ബ്ലോക്ക് റിസോഴ്സ് പേഴ്സൺ, വില്ലേജ് റിസോഴ്സ് പേഴ്സൺ തസ്തികകളിലേക്ക് നിയമനം നടത്തുക.
- പുതുതായി നിയമിക്കുന്ന റിസോഴ്സ് പേഴ്സൺമാർക്ക് ആവശ്യമായ പരിശീലനം നൽകി സോഷ്യൽ ഓഡിറ്റിന്റെ ഗുണമേന്മ ഉയർത്തുക.
- സോഷ്യൽ ഓഡിറ്റിലെ കണ്ടെത്തലുകൾ നിർവ്വഹണ ചുമതലയുള്ള മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ, തദ്ദേശ സ്വയംഭരണ വകുപ്പ് എന്നിവയുമായി ബന്ധപ്പെട്ടവർക്ക് റിപ്പോർട്ടു ചെയ്യുകയും തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്യുക.
- സാമ്പത്തിക ക്രമക്കേടുകളിന്മേൽ നടപടി സ്വീകരിക്കുന്നതിനാവശ്യമായ തുടർ പ്രവർത്തനങ്ങൾ നടപ്പാക്കുക.
- സോഷ്യൽ ഓഡിറ്റ് കണ്ടെത്തലുകൾ, റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള പോരായ്മകൾ എന്നിവയിന്മേൽ പഞ്ചായത്ത് സ്വീകരിച്ച പരിഹാര നടപടികൾ ഗ്രാമസഭകളുടെ പരിഗണനയ്ക്ക് കൊണ്ടു വരികയും ജനകീയ വിലയിരുത്തലിന് കഴിയുംവിധം ഗ്രാമസഭകളെ ശക്തമാക്കുക.
- സോഷ്യൽ ഓഡിറ്റിന്റെ പ്രാധാന്യവും നിയമപരമായ അനിവാര്യതയും പഞ്ചായത്തുകളെ ബോദ്ധ്യപ്പെടുത്തി സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങൾക്കാവശ്യമായ പിന്തുണയും സഹായവും ഉറപ്പാക്കുക.
- പദ്ധതിയുടെ ആസൂത്രണ-നിർവ്വഹണ പ്രവർത്തനങ്ങളിൽ നേതൃത്വപരമായ പങ്കുവഹിക്കുന്ന എം.ജി.എൻ.ആർ.ഇ.ജി.എസ്. മിഷൻ ഡയറക്ടർ ഉൾപ്പെടെയുള്ള സംസ്ഥാനതലത്തിൽ ചുമതലപ്പെട്ടവരുമായി നിരന്തരമായ ആശയവിനിമയം നടത്തി സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങൾക്കാവശ്യമായ പിന്തുണ ഉറപ്പാക്കുക.
- സോഷ്യൽ ഓഡിറ്റ് കണ്ടെത്തലുകൾ യഥാസമയം എൻ.ആർ.ഇ.ജി.എസ്. മിഷന്റെ ശ്രദ്ധയിൽ കൊണ്ടുവരികയും പരിഹാര നടപടികൾ സ്വീകരിക്കുകയും ചെയ്യുക.
- പഞ്ചായത്ത് അസോസിയേഷന്റെ നയപരമായ പിന്തുണയും സഹായങ്ങളും ഉറപ്പാക്കി സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങൾ സുഗമമാക്കുക.
- സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങൾ സംബന്ധിച്ചും റിസോഴ്സ് പേഴ്സൺമാരുടെ പെരുമാറ്റം, മനോഭാവം എന്നിവ സംബന്ധിച്ചും പഞ്ചായത്തുകൾക്കുള്ള പരാതികൾ പരിശോധിച്ച് പരിഹാര നടപടികൾ സ്വീകരിക്കുക.
- സോഷ്യൽ ഓഡിറ്റിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ ബോദ്ധ്യപ്പെടുത്തി പഞ്ചായത്തുകളുടെ ഉടമസ്ഥതാബോധം വളർത്തിയും പഞ്ചായത്തുകളുടെ വിശ്വാസ്യത നേടിയും സോഷ്യൽ ഓഡിറ്റ് സമയബന്ധിതമായി പൂർത്തിയാക്കുക.

## 13. സമ്പൂർണ്ണ സോഷ്യൽ ഓഡിറ്റിലേക്ക് കേരളം

2022-23 വർഷത്തിൽ കേരളത്തിന് സമ്പൂർണ്ണ സോഷ്യൽ ഓഡിറ്റ് എന്ന ലക്ഷ്യം കൈവരിക്കുന്നതിന് കഴിഞ്ഞു. 2023 ഏപ്രിൽ 10-ാം തീയതി എറണാകുളം രാജീവ്ഗാന്ധി ഇൻഡോർ സ്റ്റേഡിയത്തിൽ നടന്ന ചടങ്ങിൽ ബഹു. കേരള മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ സമ്പൂർണ്ണ സോഷ്യൽ ഓഡിറ്റ് പ്രഖ്യാപനം നടത്തുകയുണ്ടായി. ബഹു. തദ്ദേശ സ്വയംഭരണ-എക്സൈസ് വകുപ്പ് മന്ത്രി ശ്രീ. എം.ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന ചടങ്ങിൽ ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ശ്രീമതി ശാരദ മുരളീധരൻ റിപ്പോർട്ട് അവതരിപ്പിച്ചു. 2022-23 വർഷത്തെ രണ്ടാം പാദ സോഷ്യൽ ഓഡിറ്റിൽ സംസ്ഥാനത്തെ 15962 പഞ്ചായത്ത് വാർഡുകളിലും സോഷ്യൽ ഓഡിറ്റ് ഗ്രാമസഭകൾ പൂർത്തിയാക്കുകയും 941 ഗ്രാമപഞ്ചായത്തുകളിലും സോഷ്യൽ ഓഡിറ്റ് പബ്ലിക് ഹിയറിംഗുകൾ സംഘടിപ്പിക്കുകയും ചെയ്തു. രാജ്യത്ത് തന്നെ സോഷ്യൽ ഓഡിറ്റിൽ അപൂർവ്വമായ നേട്ടം കൈവരിക്കാൻ കഴിഞ്ഞ സംസ്ഥാനമായി കേരളത്തിന് മാറുന്നതിന് ഇതിലൂടെ കഴിഞ്ഞു.

2022-23 ഒന്നാം പാദത്തിൽ (01-10-2021 മുതൽ 31-03-2022 വരെ നടപ്പാക്കിയ പദ്ധതികൾ) 651 ഗ്രാമപഞ്ചായത്തുകളുടെ സോഷ്യൽ ഓഡിറ്റ് പൂർത്തിയാക്കുകയുണ്ടായി. ഈ കാലയളവിൽ 11381 സോഷ്യൽ ഓഡിറ്റ് ഗ്രാമസഭകൾ സംഘടിപ്പിക്കുന്നതിനും കഴിഞ്ഞു. വിവിധ ജില്ലകളിൽ ആവശ്യമായ സോഷ്യൽ ഓഡിറ്റ് റിസോഴ്സ് പേഴ്സൺമാരുടെ കുറവ് മൂലമാണ് ഇത്തരത്തിൽ സംഭവിച്ചത്. എന്നാൽ ആവശ്യമായ വില്ലേജ് റിസോഴ്സ് പേഴ്സൺമാരുടെ നിയമന നടപടികളും പരിശീലനവും പൂർത്തിയാക്കി അവരുടെ സേവനം 2022-23 രണ്ടാംപാദ സോഷ്യൽ ഓഡിറ്റിൽ (01-04-2022 മുതൽ 30-09-2022 വരെ നടപ്പാക്കിയ പദ്ധതികൾ) പ്രയോജനപ്പെടുത്താൻ കഴിഞ്ഞു. 2022-23 രണ്ടാംപാദ സോഷ്യൽ ഓഡിറ്റിൽ സംസ്ഥാനത്തെ 941 ഗ്രാമപഞ്ചായത്തുകളിലെ 15962 വാർഡുകളിലും സോഷ്യൽ ഓഡിറ്റ് ഗ്രാമസഭകൾ പൂർത്തിയാക്കി മുഴുവൻ പഞ്ചായത്തുകളിലും സോഷ്യൽ ഓഡിറ്റ് പബ്ലിക് ഹിയറിംഗുകൾ സംഘടിപ്പിക്കുന്നതിന് കഴിഞ്ഞു. ഇതിലൂടെ സംസ്ഥാനത്തിന്റെ സോഷ്യൽ ഓഡിറ്റ് ചരിത്രത്തിൽ ആദ്യമായി സമ്പൂർണ്ണ സോഷ്യൽ ഓഡിറ്റ് എന്ന ലക്ഷ്യം കൈവരിക്കുന്നതിന് കഴിഞ്ഞു. വിവിധ ജില്ലകളിൽ 2022-23 വർഷം ഒന്നാം പാദത്തിലും രണ്ടാം പാദത്തിലും നടപ്പാക്കാൻ കഴിഞ്ഞ സോഷ്യൽ ഓഡിറ്റിന്റെ വിശദമായ വിവരങ്ങൾ താഴെ കൊടുക്കുന്നു.

## 14. സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടുകൾ ദേശീയ വെബ് പോർട്ടലിൽ

2022-23 വർഷത്തിൽ കേരളത്തിന് കൈവരിക്കാൻ കഴിഞ്ഞ ശ്രദ്ധേയമായ മറ്റൊരു നേട്ടം പഞ്ചായത്തുകളുടെ സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടുകൾ കേന്ദ്ര ഗ്രാമ വികസന മന്ത്രാലയം രൂപകല്പന ചെയ്ത എം.ഐ.എസ്. വെബ് പോർട്ടലിൽ രേഖപ്പെടുത്തുന്നതിന് കഴിഞ്ഞു എന്നതാണ്. 2013 മുതൽ തന്നെ ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങൾ സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടുകൾ എം.ഐ.എസിൽ രേഖപ്പെടുത്തി നൽകിയിരുന്നു. എന്നാൽ ഇക്കാര്യത്തിൽ കേരളത്തിന് യാതൊരു പുരോഗതിയും കൈവരിക്കുന്നതിന് കഴിഞ്ഞില്ല. സോഷ്യൽ ഓഡിറ്റ് യൂണിറ്റ് ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി എം.ഐ.എസ്. എക്സ്പെർട്ടിനെ നിയമിക്കുകയും എം.ഐ.എസ്. സംവിധാനം പ്രവർത്തനക്ഷമമാക്കുന്നതിനും കഴിഞ്ഞു. 2022-23 വർഷത്തെ സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടുകൾ എം.ഐ.എസിൽ രേഖപ്പെടുത്തിയതു സംബന്ധിച്ച വിവരങ്ങൾ താഴെ കൊടുത്തിട്ടുണ്ട്.

## MIS ENTRY STATUS (FY 2022-23)

| Sl. No. | Name of District | Total No. of GPs | No. of GPs entered in MIS | | Total Mis Entries |
|---|---|---|---|---|---|
| | | | Cycle 1 (01/10/2021 - 31/03/2022) | Cycle 2 (01/04/2022 - 30/09/2022) | |
| 1 | Thiruvananthapuram | 73 | 72 | 73 | 145 |
| 2 | Kollam | 68 | 65 | 68 | 133 |
| 3 | Pathanamthitta | 53 | 36 | 53 | 89 |
| 4 | Alappuzha | 72 | 64 | 72 | 136 |
| 5 | Idukki | 52 | 20 | 52 | 72 |
| 6 | Kottayam | 71 | 46 | 71 | 117 |
| 7 | Ernakulam | 82 | 44 | 82 | 126 |
| 8 | Thrissur | 86 | 66 | 86 | 152 |
| 9 | Palakkad | 88 | 64 | 88 | 152 |
| 10 | Malappuram | 94 | 22 | 94 | 116 |
| 11 | Kozhikode | 70 | 63 | 70 | 133 |
| 12 | Wayanad | 23 | 9 | 23 | 32 |
| 13 | Kannur | 71 | 54 | 71 | 125 |
| 14 | Kasargod | 38 | 18 | 38 | 56 |
| **Total** | | **941** | **643** | **941** | **1584** |

## 15. ഗ്രാമസഭകൾ ശക്തിപ്പെടുത്തി ജനപങ്കാളിത്തം വർദ്ധിപ്പിച്ചു

പഞ്ചായത്തുകളുടെ സഹകരണത്തോടെ സോഷ്യൽ ഓഡിറ്റ് ഗ്രാമസഭകളിൽ ജന പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ 2022-23 വർഷത്തിൽ നടപ്പാക്കുകയുണ്ടായി. സോഷ്യൽ ഓഡിറ്റ് വില്ലേജ് റിസോഴ്സ് പേഴ്സൺമാരുടെ പ്രധാനപ്പെട്ട ചുമതലകളിൽ ഒന്നായി ജനങ്ങളുടെ ഗ്രാമസഭാ പങ്കാളിത്തം വർദ്ധിപ്പിക്കുന്ന പ്രവർത്തനം മാറ്റുകയും ഇതിലേക്ക് ശ്രദ്ധ കേന്ദ്രീകരിക്കുകയും ചെയ്തു. സൂക്ഷ്മതലത്തിലുള്ള ജനകീയ സംഘടനാ സംവിധാനങ്ങളായ അയൽക്കൂട്ടങ്ങൾ, റസിഡന്റ്സ് അസോസിയേഷനുകൾ, കുടുംബശ്രീ സ്വയംസഹായ സംഘങ്ങൾ, കർഷക ഗ്രൂപ്പുകൾ, വില്ലേജ് മോണിറ്ററിംഗ് കമ്മിറ്റി അംഗങ്ങൾ എന്നിവ എല്ലാം പ്രയോജനപ്പെടുത്തി ജനകീയ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനാണ് പരിശ്രമിച്ചത്. തൊഴിലുറപ്പ് തൊഴിലാളികളുടെ പങ്കാളിത്തത്തിനപ്പുറം വിവിധ വിഭാഗം ജനങ്ങളുടെ പങ്കാളിത്തം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ആസൂത്രണത്തിലും നിർവ്വഹണത്തിലും അവലോകനത്തിലും ഉറപ്പാക്കേണ്ടത് പദ്ധതിയുടെ ഫലക്ഷമത ഉയർത്തുന്നതിന് അത്യന്താപേക്ഷിതമാണ്.

2022-23 വർഷത്തിൽ രണ്ട് സോഷ്യൽ ഓഡിറ്റ് പാദങ്ങളിലെ ജനകീയ പങ്കാളിത്തം വിലയിരുത്തുമ്പോൾ ഗ്രാമസഭകളിലും സോഷ്യൽ ഓഡിറ്റ് പബ്ലിക് ഹിയറിംഗിലും ഗണ്യമായ പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട് എന്നാണ് വ്യക്തമാക്കുന്നത്. ഇതു സംബന്ധിച്ച വിവരങ്ങൾ താഴെ കൊടുത്തിട്ടുണ്ട്.

| വർഷം | സോഷ്യൽ ഓഡിറ്റ് കാലഘട്ടം | ഗ്രാമസഭ പങ്കാളിത്തം | പബ്ലിക് ഹിയറിംഗ് പങ്കാളിത്തം |
|---|---|---|---|
| 2022-23 ഒന്നാംപാദം | 01-10-2021 മുതൽ 31-03-2022 | 621785 | 69695 |
| 2022-23 രണ്ടാംപാദം | 01-04-2022 മുതൽ 30-09-2022 | 783074 | 93822 |
| ആകെ | | 14,04,859 | 1,63,517 |

സോഷ്യൽ ഓഡിറ്റ് ഗ്രാമസഭകൾ ശക്തിപ്പെടുത്തുന്നതിനായുള്ള പരിശ്രമം തുടരേണ്ടതുണ്ട്. നിലവിലെ പങ്കാളിത്തം ഏറെക്കുറെ പൂർണ്ണമായും തൊഴിലുറപ്പ് തൊഴിലാളികളിൽ മാത്രം പരിമിതപ്പെട്ടിരിക്കുകയാണ്. പദ്ധതിയുടെ ഗുണഭോക്താക്കളായ കർഷകരെയും വിവിധ വിഭാഗം ജനങ്ങളെയും സോഷ്യൽ ഓഡിറ്റ് ഗ്രാമസഭകളിൽ പങ്കെടുപ്പിക്കുന്നതിനും പദ്ധതിയുടെ നിർവ്വഹണവും ഉപയോഗക്ഷമതയും സംബന്ധിച്ച ഗൗരവമായ വിലയിരുത്തലുകൾ ജനങ്ങളുടെ പങ്കാളിത്തത്തോടെ നടക്കേണ്ടതുണ്ട്. ഗ്രാമസഭകളുടെ അറിയിപ്പ് ജനങ്ങൾക്ക് നൽകുന്നതിലും ഗ്രാമസഭായോഗങ്ങൾ ചേരുന്നതിനും സൗകര്യങ്ങളായ വേദി സജ്ജമാക്കുന്നതിലും പഞ്ചായത്തുകൾ കൂടുതൽ ശ്രദ്ധിക്കേണ്ടതുണ്ട്. അതുപോലെ തന്നെ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് ജനങ്ങൾ ഗ്രാമസഭായോഗത്തിൽ ചൂണ്ടിക്കാണിക്കുന്ന പോരായ്മകളും നിർദ്ദേശങ്ങളും എത്ര മാത്രം പരിഹരിച്ചു എന്നും തുടർന്ന് കണക്കിലെടുത്തുവെന്നും അടുത്ത ഗ്രാമസഭായോഗത്തിൽ ഉത്തരവാദിത്തപ്പെട്ട ജനപ്രതിനിധികളും ഉദ്യോഗസ്ഥരും റിപ്പോർട്ട് ചെയ്യുകയും വേണം. ഇതിലൂടെ മാത്രമേ ഗ്രാമസഭകളിൽ ജനങ്ങൾക്കുള്ള വിശ്വാസ്യത സംരക്ഷിക്കപ്പെടുകയുള്ളൂ.

## 16. സോഷ്യൽ ഓഡിറ്റ് കണ്ടെത്തലുകളും തുടർനടപടികളും

2022-23 വർഷത്തിൽ സോഷ്യൽ ഓഡിറ്റ് പൂർത്തിയാക്കിയ 941 ഗ്രാമപഞ്ചായത്തുകളിൽ 936 ഗ്രാമ പഞ്ചായത്തുകളുടെ സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടുകളാണ് എം.ഐ.എസിൽ യഥാസമയം രേഖപ്പെടുത്തുന്നതിന് കഴിഞ്ഞത്. 14 ജില്ലകളിലെ എം.ഐ.എസ് രേഖപ്പെടുത്തിയ റിപ്പോർട്ടുകൾ വിലയിരുത്തുമ്പോൾ 709 സാമ്പത്തിക ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ട് എന്ന് കാണാൻ കഴിയും. ഇതു വഴി 1,23,15,515/- രൂപയുടെ സാമ്പത്തിക ദുരുപയോഗം ഉണ്ടായിട്ടുണ്ട് എന്നാണ് കണ്ടെത്തിയിട്ടുള്ളത്. അതുപോലെ തന്നെ 824 സാമ്പത്തിക വ്യതിയാനമാണ് 936 ഗ്രാമപഞ്ചായത്തുകളുടെ സോഷ്യൽ ഓഡിറ്റിൽ റിപ്പോർട്ട് ചെയ്തിട്ടുള്ളത്. കണക്കാക്കുന്ന സാമ്പത്തിക വ്യതിയാനം 10,41,90,839/- രൂപയുടേതാണ്. സുതാര്യമായ നടപടിക്രമങ്ങൾ പാലിക്കാതെ പദ്ധതി നടപ്പാക്കിയതിന്റെ ഫലമായി 4477 പ്രക്രിയാ ലംഘനങ്ങളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. തൊഴിലാളികളുടെ അവകാശ ലംഘനങ്ങളും തൊഴിലിടങ്ങളിൽ ഏർപ്പെടുത്തേണ്ട സൗകര്യങ്ങളും നിഷേധിക്കപ്പെട്ടതിന്റെ ഫലമായി 6890 ക്രമക്കേടുകളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിൽ കണ്ടെത്തിയ ക്രമക്കേടുകളും പോരായ്മകളും അപാകതകളും സംബന്ധിച്ച് സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടിൽ രേഖപ്പെടുത്തിയ വിവരങ്ങൾ താഴെ കൊടുത്തിട്ടുണ്ട്.

ആകെ റിപ്പോർട്ട് ചെയ്ത 6890 സോഷ്യൽ ഓഡിറ്റ് നിർവ്വഹണ പ്രശ്നങ്ങളിൽ സാമ്പത്തിക ക്രമക്കേട് സംഭവിച്ചിട്ടുള്ള 709 എണ്ണത്തിൽ മാത്രമാണ് പണം തിരിച്ച് പിടിക്കുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളത്. ഇതിൽ 633 റിപ്പോർട്ട് ചെയ്ത പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഇതിനകം നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആകെ റിപ്പോർട്ട് ചെയ്ത 709 സാമ്പത്തിക ക്രമക്കേട് അടങ്ങിയവയിൽ 253 എണ്ണം മാത്രമാണ് പണം തിരിച്ചു പിടിക്കേണ്ടതായിട്ടുള്ളത് എന്നാണ് എം.ജി.എൻ.ആർ.ഇ.ജി.എസ്. മിഷന്റെ വിലയിരുത്തൽ. ഇവയിൽ നിന്നായി ഇതിനകം 15,33,775/- രൂപ തിരിച്ചു പിടിക്കുന്നതിന് നടപടി സ്വീകരിക്കുകയും ഇഷ്യൂ ക്ലോസ് ചെയ്യുകയും ചെയ്തിട്ടുണ്ട്. 2022-23 വർഷത്തെ സോഷ്യൽ ഓഡിറ്റിൽ കണ്ടെത്തിയ സാമ്പത്തിക ക്രമക്കേടുകളും ഇതിന്റെ അടിസ്ഥാനത്തിൽ പണം തിരിച്ചു പിടിച്ചതും സംബന്ധിച്ച വിശദമായ വിവരങ്ങൾ പട്ടിക 5ൽ കൊടുത്തിട്ടുണ്ട്.

## 17. സോഷ്യൽ ഓഡിറ്റ് യൂണിറ്റിന്റെ ധനവിനിയോഗം

പൂർണ്ണമായും കേന്ദ്ര ഗവൺമെന്റിൽ നിന്നും ലഭിക്കുന്ന സോഷ്യൽ ഓഡിറ്റ് ഫണ്ടിനെ അടിസ്ഥാനമാക്കിയാണ് സോഷ്യൽ ഓഡിറ്റ് യൂണിറ്റ് പ്രവർത്തിക്കുന്നത്. സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങൾ നടപ്പാക്കുന്നതും. 2022-23 സാമ്പത്തിക വർഷത്തിൽ 22.70 കോടി രൂപ അടങ്കലുള്ള ബഡ്ജറ്റ് ആണ് സോഷ്യൽ ഓഡിറ്റ് സൊസൈറ്റി ഗവേണിംഗ് ബോഡിയോഗം അംഗീകരിച്ചത്. വിവിധ ഇനങ്ങളിലായി ബഡ്ജറ്റിലെ വകയിരുത്തൽ തുക താഴെപ്പറയും പ്രകാരമാണ്.

| | | |
|---|---|---|
| 1 | ഓഫീസ് ജീവനക്കാരുടെ ശമ്പളം, ഹോണറേറിയം | 49,32,000.00 |
| 2 | റിസോഴ്സ് പേഴ്സൺമാരുടെ വേതനം, ഹോണറേറിയം, യാത്രാബത്ത | 19,08,44,000.00 |
| 3 | ബി.ആർ.പി. മാരുടെയും വി.ആർ.പി.മാരുടെയും നിയമനം | 4,00,000.00 |
| 4 | റിസോഴ്സ് പേഴ്സൺമാരുടെ പരിശീലനവും കാര്യപ്രാപ്തി വികസനവും | 1,54,16,000.00 |
| 5 | യാത്രാപ്പടി | 3,50,000.00 |
| 6 | മറ്റ് അലവൻസുകൾ | 46,52,000.00 |
| 7 | മൊബൈൽ അലവൻസ് & ഇന്റർനെറ്റ് അലവൻസുകൾ | 5,79,000.00 |
| 8 | ഗതാഗത ചെലവ്/വാഹനവാടക | 8,40,000.00 |
| 9 | കമ്പ്യൂട്ടർ കൺസ്യൂമബിൾസ് | 6,08,000.00 |
| 10 | ഓഫീസ് വാടകയും മറ്റ് ചെലവുകളും | 5,28,000.00 |
| 11 | യോഗ നടത്തിപ്പ് ചെലവുകൾ, ഗ്രാമസഭായോഗ നടത്തിപ്പ് ചെലവുകൾ ഉൾപ്പെടെ | 78,81,000.00 |
| | **ആകെ പ്രതീക്ഷിത ചെലവ്** | **22,70,30,000.00** |

**2022-23 സാമ്പത്തിക വർഷത്തിൽ സോഷ്യൽ ഓഡിറ്റ് ഫണ്ടായി താഴെപ്പറയും പ്രകാരം മൂന്ന് ഗഡുക്കളായി 14,00,20,000/- രൂപ മാത്രമാണ്. സോഷ്യൽ ഓഡിറ്റ് സൊസൈറ്റിയ്ക്ക് കേന്ദ്ര ഗ്രാമവികസനവകുപ്പിൽ നിന്നും ലഭിച്ച തുക സംബന്ധിച്ച വിവരങ്ങൾ താഴെ കൊടുക്കുന്നു.**

| | | | |
|---|---|---|---|
| 1 | 03-03-2022 | Order No. J - 120120/02/2022/RE-VIII (380239) Sl. No. 03 | Rs, 4,01,40,000.00 |
| 2 | 19-10-2022 | Order No. J - 12020/02/2022/RE-VIII (380239) Sl. No. 13 | Rs, 4,01,40,000.00 |
| 3 | 17-02-2023 | Order No. J - 12020/02/2022/RE-VIII (380239) Sl. No. 28 | Rs, 5,97,40,000.00 |
| | **ആകെ** | | Rs. 14,00,20,000.00 |

**2022-23 വർഷത്തെ സോഷ്യൽ ഓഡിറ്റ് സൊസൈറ്റിയുടെ ധനവിനിയോഗം സംബന്ധിച്ച വിവരങ്ങൾ ചുവടെ കൊടുക്കുന്നു.**

| | | |
|---|---|---|
| 1 | ഭരണപരമായ ചെലവുകൾ (ശമ്പളവും മറ്റ് അലവൻസുകളും ഉൾപ്പെടെ) | 28,31,201.00 |
| 2 | ഓഫീസ് മാനേജ്മെന്റ് ചെലവുകൾ | 20,03,493.00 |
| 3 | റിസോഴ്സ് പേഴ്സൺമാരുടെ ഹോണറേറിയം, വേതനം | 11,68,36,477.00 |
| 4 | മറ്റ് ചെലവുകൾ (മൂലധന ചെലവുകൾ ഉൾപ്പെടെ) | 1,73,791.00 |
| | ആകെ മൊത്തം | 12,18,44,962.00 |

**2022-23 വർഷത്തെ ഓഡിറ്റ് ചെയ്ത കണക്കുകൾ സംബന്ധിച്ച ഓഡിറ്റ് റിപ്പോർട്ട് അനുബന്ധം ഒന്ന് ആയി ഉള്ളടക്കം ചെയ്തിട്ടുണ്ട്.**

## R 9.2.3 Social Audit Issue Reported (Category Wise)
## Financial Year : 2022-2023, Issue Type : all, State : KERALA

| | | | | Financial Misappropriation | | Financial Deviation | | Process Violation | | Grievances | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| SR | District Name | Total Number of GPs | Total Number of GPs audited atleast once | Number of Issues Reported | Amount | Number of Issues Reported | Amount | Number of Issues Reported | Amount | Number of Issues Reported | Amount | Total Number of Issues Reported | Total Amount |
| 1 | ALAPPUZHA | 72 | 72 | 25 | 1960872 | 135 | 1132233 | 340 | 78890 | 9 | 0 | 509 | 3171995 |
| 2 | ERNAKULAM | 82 | 82 | 35 | 235622 | 15 | 160915 | 274 | 0 | 206 | 0 | 530 | 396537 |
| 3 | IDUKKI | 52 | 47 | 50 | 2886567 | 159 | 4920598 | 140 | 46604 | 48 | 34195 | 397 | 7887964 |
| 4 | KANNUR | 71 | 71 | 99 | 324559 | 35 | 87898 | 103 | 31844 | 45 | 317220 | 282 | 761521 |
| 5 | KASARGOD | 38 | 38 | 4 | 4987 | 3 | 0 | 208 | 0 | 54 | 0 | 269 | 4987 |
| 6 | KOLLAM | 68 | 68 | 27 | 179133 | 138 | 1018315 | 95 | 0 | 45 | 0 | 305 | 1197448 |
| 7 | KOTTAYAM | 71 | 71 | 52 | 458908 | 105 | 86640170 | 496 | 1547452 | 100 | 0 | 753 | 88646530 |
| 8 | KOZHIKODE | 70 | 70 | 3 | 2309 | 0 | 0 | 292 | 0 | 6 | 0 | 301 | 2309 |
| 9 | MALAPPURAM | 94 | 94 | 108 | 237342 | 24 | 8066 | 1063 | 35300 | 0 | 0 | 1195 | 280708 |
